| 7 | 19/2017-18 | ചിന്നാർ വന്യജീവി സങ്കേതം | അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്കായി വാഴത്തുറ ഔട്ട് പോസ്റ്റിന് കീഴിൽ 5.2 മീറ്റർ വീതിയിൽ ഫയർ ലൈൻ നിർമ്മാണവും അനുബന്ധ പ്രവർത്തികളും | 22 | 19,800/ കി. മീ. | 10,700 | 900+ ജി.എസ്.റ്റി. (12%) | 4,25,000 |
| 8 | 20/2017-18 | ആനമുടി ഷോല നാഷണൽ പാർക്ക് | ക്ലിയർ നൈഫ് വീഡിംഗ് (14.82 മസ്ദൂർ/ഹെക്ടർ) | 13.25 ഹെ. | 4951.88/ ഹെ. | 2,700 | 500+ ജി.എസ്.റ്റി. (12%) | 1,05,000 |

Gaz. No. 2/2018/DTP (Forest).

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
|---|---|---|---|---|---|---|---|---|
| 9 | 21/2017-18 | പാമ്പാടും ഷോല നാഷണൽ പാർക്ക് | ക്ലിയർ നൈഫ് വീഡിംഗ് (14.82 മസ്ദൂർ/ഹെക്ടർ) | 19 ഹെ. | 4951.88/ ഹെ. | 3,800 | 500+ ജി.എസ്.റ്റി. (12%) | 1,50,000 |
| 10 | 27/2017-18 | കുറിഞ്ഞിമല സങ്കേതം | ക്ലിയർ നൈഫ് വീഡിംഗ് (14.82 മസ്ദൂർ/ഹെക്ടർ) | 25.17 ഹെ. | 4951.88/ ഹെ. | 5,000 | 500+ ജി.എസ്.റ്റി. (12%) | 2,00,000 |

കാലയളവ്—ക്രമനമ്പർ 10-ന് 30 ദിവസം, മറ്റുള്ളവയ്ക്ക് എഗ്രിമെന്റ് തീയതി മുതൽ 15 ദിവസത്തിനകം ഫയർലൈൻ നിർമ്മാണ ജോലികൾ പൂർത്തിയാക്കിയിരിക്കണം. കൂടാതെ 30-4-2018 വരെ ഫയർലൈനുകളുടെ അറ്റകുറ്റപണിയും നിർവ്വഹിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ മൂന്നാർ വൈൽഡ്‌ലൈഫ് വാർഡന്റെയോ ഇരവികുളം നാഷണൽ പാർക്ക്/ചിന്നാർ വന്യജീവി സങ്കേതം/ ഷോല നാഷണൽ പാർക്ക്സ് അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻമാരുടെയോ കാര്യാലയങ്ങളിൽനിന്ന് പ്രവർത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

ദർഘാസ് ഫോറം വിൽക്കുന്ന അവസാന തീയതിയും സമയവും—18-1-2018 ഉച്ചയ്ക്കുശേഷം 1 മണിവരെ.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—18-1-2018 ഉച്ചയ്ക്കുശേഷം 3 മണിവരെ.

ദർഘാസുകൾ തുറക്കുന്ന സമയവും തീയതിയും—18-1-2018 ഉച്ചയ്ക്കുശേഷം 3.30 മണി.

ഏതെങ്കിലും കാരണങ്ങളാൽ 18-1-2018-ാം തീയതി ഈ ദർഘാസ് നടക്കാതെ വരികയാണെങ്കിൽ മേൽ വിവരിച്ച നിബന്ധനകൾക്ക് വിധേയമായി 20-1-2018-ന് അതേ സ്ഥലത്തും അതേ സമയത്തും പ്രസ്തുത ദർഘാസ് നടത്തുന്നതായിരിക്കും.

**നിബന്ധനകൾ**

1. ജി. ഒ. (എം. എസ്.) നമ്പർ 26/17/F&WLD തീയതി 20-5-2017 ഉൾക്കൊള്ളിച്ചുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്.

2. ദർഘാസ് ഫോറവും (കൈമാറ്റം ചെയ്യാവുന്നതല്ല) മറ്റ് വിശദവിവരങ്ങളും ഈ ആഫീസിൽനിന്നും പ്രവർത്തിദിവസങ്ങളിൽ ലഭിക്കുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില പണമായി ഒടുക്കുകയോ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും മൂന്നാർ വൈൽഡ് ലൈഫ് വാർഡന്റെ പേർക്കെടുത്ത ഡിമാന്റ് ഡ്രാഫ്റ്റായോ ഒടുക്കാവുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലായിരിക്കും. ദർഘാസ് ഫോറം വനം വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ്, പാർട്ട്-1 ദർഘാസിന്റെ കൂടെ ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ഒരിക്കൽ ഒടുക്കിയ ദർഘാസ് ഫോറത്തിന്റെ വില ഒരു കാരണവശാലും മടക്കി നൽകുന്നതല്ല. മറ്റ് ദർഘാസ് ഫോറത്തിന്റെ വിലയായി അഡ്ജസ്റ്റ് ചെയ്യുന്നതുമല്ല.

3. ഒരു വ്യക്തിയുടെ പേരിൽ നൽകിയിട്ടുള്ള ദർഘാസ് ഫോറം ആ വ്യക്തിക്ക് മാത്രവും ടെണ്ടർ ഫോറത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ജോലിക്കും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

4. എല്ലാ വ്യവസ്ഥകളും പൂർത്തിയാക്കിയിട്ടുള്ള ടെണ്ടറുകൾ രജിസ്റ്റേർഡ് പോസ്റ്റ് ആയോ സ്പീഡ് പോസ്റ്റ് ആയോ നോട്ടിഫിക്കേഷനിൽ നിഷ്ക്കർഷിച്ചിരിക്കുന്ന നിശ്ചിത തീയതിയിൽ നിശ്ചിത സമയം വരെ ഡിവിഷൻ ഓഫീസിൽ സ്വീകരിക്കുന്നതായിരിക്കും. കൂടാതെ പൂരിപ്പിച്ച ദർഘാസുകൾ ഡിവിഷൻ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ടെണ്ടർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. സാധാരണ തപാലിൽ ടെണ്ടറുകൾ അയയ്ക്കാൻ പാടില്ല.

5. ടെണ്ടർ സമർപ്പിക്കുന്നതിന് മുൻപായി, ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകളും ദർഘാസ് വ്യവസ്ഥകളും വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടതാണ്. എഗ്രിമെന്റിന്റെ കരട് മൂന്നാർ വൈൽഡ്‌ലൈഫ് വാർഡിന്റെ ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ചുള്ള എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.

6. ദർഘാസ് സമർപ്പിക്കുന്നതിന് മുൻപായി ജോലി നടത്തേണ്ട സ്ഥലവും ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. ദർഘാസ് സമർപ്പിച്ചതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.

7. ദർഘാസിൽ പങ്കെടുക്കുന്ന ആൾ ദർഘാസ് ഷെഡ്യൂളിൽ പറയുന്ന പ്രകാരമോ ഒരു കിലോമീറ്റർ ഫയർലൈൻ എടുക്കുന്നതിനുള്ള അടിസ്ഥാന നിരക്കിന്റെ ഇത്ര ശതമാനമോ എന്ന് ദർഘാസ് ഫോറത്തിലെ പ്രസക്ത കോളത്തിൽ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്. അക്കത്തിലും, അക്ഷരത്തിലും വ്യത്യസ്ത നിരക്കുകളാണ് രേഖപ്പെടുത്തുന്നതെങ്കിൽ അതിൽ കുറഞ്ഞ നിരക്കായിരിക്കും പരിഗണിക്കുക. ആയത് അംഗീകരിക്കാൻ ദർഘാസുകാരൻ ബാദ്ധ്യസ്ഥനാണ്. ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്ക്, ജോലി പൂർത്തിയാക്കാൻ കഴിയുന്നതിലും

കുറവാണെന്ന് വനം വകുപ്പ് കണ്ടെത്തുന്ന പക്ഷം ആയത് സംബന്ധിച്ച് ദർഘാസുകാരനിൽനിന്നും തൃപ്തികരമായ വിശദീകരണം നൽകാൻ ആവശ്യപ്പെടുന്നതുമാണ്. ഇത്തരം സന്ദർഭത്തിൽ ദർഘാസ് അംഗീകരിക്കുന്നതിനു മുൻപായി രേഖപ്പെടുത്തിയിട്ടുള്ള നിരക്കിന്റെ 10% (പരമാവധി ` 30,000) പ്രത്യേക/അധിക സെക്യൂരിറ്റിയായി ഒടുക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. വിശദീകരണം തൃപ്തികരമല്ല എന്നു കണ്ടെത്തുന്നപക്ഷം അഥവാ വിശദീകരണം നൽകിയിട്ടില്ലായെങ്കിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിരസിക്കുന്നതിനുള്ള അധികാരം വനം വകുപ്പിൽ നിക്ഷിപ്തമാണ്.

8. ദർഘാസ് സമർപ്പിക്കുന്ന ആൾ ദർഘാസിന്റെ എല്ലാ പേജുകളും ഉണ്ടെന്ന് ഉറപ്പുവരുത്തി സീൽ ചെയ്ത കവറിനു പുറത്ത് ജോലിയുടെ പേര് രേഖപ്പെടുത്തി മൂന്നാർ വൈൽഡ് ലൈഫ് വാർഡന്റെ പേർക്ക് 28-12-2017 പകൽ മൂന്ന് മണിക്കു മുമ്പായി സമർപ്പിക്കേണ്ടതാണ്. ദർഘാസ് സമർപ്പിക്കേണ്ടതായ അവസാന തീയതി അവധിയായി പ്രഖ്യാപിക്കപ്പെടുന്നപക്ഷം തൊട്ടടുത്ത ദിവസം അതേ സമയത്തും സ്ഥലത്തും സ്വീകരിക്കുന്നതായിരിക്കും.

9. നിശ്ചിത തീയതിയിലും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകളും പരിഗണിക്കുന്നതല്ല.

10. ഓരോ ടെണ്ടറിനോടുമൊപ്പം ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും മൂന്നാർ വൈൽഡ് ലൈഫ് വാർഡന്റെ പേരിൽ എടുത്തിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ചേർത്തിരിക്കേണ്ടതാണ്.

11. എസ്. എസ്. ഐ. യൂണിറ്റുകൾ നിരതദ്രവ്യം അടയ്ക്കേണ്ടതില്ല. ആയതിനായി അത്തരം സ്ഥാപനങ്ങൾ അതാത് ജില്ലാ വ്യവസായ കേന്ദ്രം മാനേജരുടെ ഇതു സംബന്ധിച്ച യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

12. ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേണ്ടതാണ്.

13. ലഭിച്ചിട്ടുള്ള ദർഘാസുകളുടെ ഒന്നാം ഭാഗം (പാർട്ട്-1) മൂന്നാർ വൈൽഡ് ലൈഫ് വാർഡനോ, വൈൽഡ് ലൈഫ് വാർഡൻ ചുമതലപ്പെടുത്തുന്ന വ്യക്തിയോ 28-12-2017-ന് പകൽ 3.30-ന് മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

14. ദർഘാസുകളുടെ ഒന്നാം ഭാഗം അംഗീകരിച്ചിട്ടുള്ള ദർഘാസുകാരുടെ ദർഘാസുകളുടെ രണ്ടാം ഭാഗം (നിരക്ക് രേഖപ്പെടുത്തിയത്) തുടർന്ന് തുറക്കുന്നതായിരിക്കും. രണ്ടാം ഭാഗം തുറക്കുന്ന തീയതിയും സമയവും ഒന്നാം ഭാഗം അംഗീകരിച്ച ഉടനെതന്നെ പ്രഖ്യാപിക്കുന്നതായിരിക്കും.

15. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

16. സാമ്പത്തിക നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസിന്റെ രണ്ടാം ഭാഗം തുറന്ന് മൂന്ന് മാസത്തിനകം ഓഫർ പിൻവലിക്കുവാൻ ഒരു ദർഘാസുകാരനെയും അനുവദിക്കുന്നതല്ല.

17. കാലാകാലങ്ങളിൽ കേരളാ ഗവൺമെന്റ് നിശ്ചയിക്കുന്ന നികുതികൾ ഈ പ്രവർത്തിക്കും ബാധകമാണ്.

18. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, പ്രസ്തുത വിവരം ടി വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖേന അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 7 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള ` 100 വിലയുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പു വയ്ക്കേണ്ടതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനം വകുപ്പിലേക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽ കൂടി നടത്തുന്നതായിരിക്കും. ആയതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്നപക്ഷം ആയത് ആദ്യ ദർഘാസുകാരൻ മൂന്നാർ വൈൽഡ് ലൈഫ് വാർഡൻ അനുവദിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതുമാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം അതിൽ വീഴ്ച വരുത്തിയ ദർഘാസുകാരന് ആയതിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

19. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 10% സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്. ജോലി തൃപ്തികരമായി പൂർത്തിയാക്കി ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭിക്കുന്ന ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

20. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

21. ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

22. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിച്ചാലുടൻതന്നെ തിരികെ നൽകുന്നതാണ്.

23. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

24. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള അളവ് ഏകദേശം മാത്രമാണ്.

25. ഉടമ്പടി കാലാവധിക്കുള്ളിൽ ബന്ധപ്പെട്ട കോൺട്രാക്ടർ ഫയർലൈൻ കരിയില വിമുക്തമായി സൂക്ഷിച്ച് തോട്ടം തീ കയറാതെ സംരക്ഷിക്കേണ്ടതാണ്.

26. ജോലി തൃപ്തികരമായി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് രണ്ടോ അധിലധികമോ തവണയായി ബിൽ തുക മാറി നൽകുന്നതാണ്. തുക നൽകുന്നത് ചെക്കായോ ഇ-പെയ്മെന്റ് ആയി മാത്രമോ ആയിരിക്കുന്നതാണ്.

താഴെപ്പറയും പ്രകാരം വിവിധ ഘട്ടങ്ങളിലായിട്ടായിരിക്കും കോൺട്രാക്ടർക്ക് തുക മാറി നൽകുന്നത്.

(1) ഫയർലൈൻ ജോലികൾ പൂർത്തിയാക്കി ചെക്ക് മെഷർ ചെയ്തതിനുശേഷം കോൺട്രാക്ട് തുകയുടെ 80% ഒന്നാം ഘട്ടമായി നൽകുന്നതായിരിക്കും.

(2) 45 ദിവസം കഴിഞ്ഞ് പരിശോധനയ്ക്കുശേഷം രണ്ടാം ഗഡുവായി ബാക്കി 20% തുക നൽകുന്നതായിരിക്കും.

27. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി ക്യാൻസൽ ചെയ്യാനോ വൈൽഡ് ലൈഫ് വാർഡന് അധികാരമുണ്ടായിരിക്കും. ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. ആയതിന് നിലവിലുള്ള ഫോറസ്റ്റ് ഷെഡ്യൂൾ റേറ്റ് പ്രകാരം കണക്കാക്കിയ നിരക്ക് പ്രകാരം തുക നൽകുന്നതായിരിക്കും.

28. ദർഘാസ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള നിരക്ക് അംഗീകരിക്കാൻ പറ്റാത്തതാണെങ്കിൽ കോൺട്രാക്ട് സിസ്റ്റം അല്ലാതെ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

29. യാതൊരു കാരണവും കൂടാതെ ടെൻണ്ടർ റദ്ദാക്കുന്നതിനുള്ള പൂർണ്ണമായ അധികാരം മൂന്നാർ വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾ മൂന്നാർ വൈൽഡ്ലൈഫ് വാർഡന്റെ ഓഫീസിൽ നിന്നും (ഫോൺ : 04865 231587) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

No. E-4656/2017. *19th December 2017.*

It is hereby notified for the information of the public that sealed tenders are invited from the eligible registered forest contractors for executing the various works during 2017-18 in Eravikulam National Park, Chinnar Wildlife Sanctuary and Shola National Parks Ranges under Wild Life Division as shown in the Schedule below. The tender forms will be issued from the office of the Wildlife Warden, Munnar upto 1 p.m. on 18-1-2018 on remitting the cost of tender form. The duly filled up and sealed tenders in full form with EMD as mentioned in the schedule appended below can be submitted upto 3 p. m. on 18-1-2018. The tender will be opened at 3.30 p.m. on the same day at the Office of the Wildlife Warden, Munnar.

In case the notified date happens to be a public holiday, the tender will be conducted on the next working day at the notified place and time, as per the same conditions. The Wildlife Warden, Munnar reserves the power to exclude or postpone the tender on specific reasons.

Schedule

| *Sl. No.* | *Tender No.* | *Name of Range/ Section* | *Name of Work* | *Qty. (in Km)* | *Basic Rate (Km)* | *EMD* ` | *Cost of tender form* ` | *Probable Amount of contract* `` |
|---|---|---|---|---|---|---|---|---|
| 1 | 13/2017-18 | Chinnar Wildlife Sanctuary | Clearing boundary line to a width of 5.2 Mtr and fire tracing under Palappetty OP | 19 | 19800/Km | 9,200 | 800+ GST (12%) | 3,67,000 |
| 2 | 14/2017-18 | Chinnar Wildlife Sanctuary | Clearing boundary line to a width of 5.2 Mtr and fire tracing at under Alampetty OP | 24 | 19800/Km | 11,600 | 1,000+ GST (12%) | 4,63,000 |
| 3 | 15/2017-18 | Chinnar Wildlife Sanctuary | Clearing boundary line to a width of 5.2 Mtr and fire tracing under Chinnar OP | 24.5 | 19800/Km | 11,900 | 1,000+ GST (12%) | 4,73,000 |
| 4 | 16/2017-18 | Chinnar Wildlife Sanctuary | Clearing boundary line to a width of 5.2 Mtr and fire tracing under Vannamthura OP | 12 | 19800/Km | 5,800 | 500+ GST (12%) | 2,32,000 |
| 5 | 17/2017-18 | Chinnar Wildlife Sanctuary | Clearing boundary line to a width of 5.2 Mtr and fire tracing under Kambakkallu Forest Station | 24 | 19800/Km | 11,600 | 1,000+ GST (12%) | 4,63,000 |
| 6 | 18/2017-18 | Chinnar Wildlife Sanctuary | Clearing boundary line to a width of 5.2 Mtr and fire tracing under Chungam Sandal Picket | 12.2 | 19800/Km | 5,900 | 500+ GST (12%) | 2,36,000 |
| 7 | 19/2017-18 | Chinnar Wildlife Sanctuary | Clearing boundary line to a width of 5.2 Mtr and fire tracing under Vazhathura OP | 22 | 19800/Km | 10,700 | 900+ GST (12%) | 4,25,000 |
| 8 | 20/2017-18 | Anamudishola National Park | Clear knife weeding (14.82 mm/Ha) | 13.25 Ha | 4951.88 /Ha | 2,700 | 500+ GST (12%) | 1,05,000 |
| 9 | 21/2017-18 | Pambadum Shola National Park | Clear knife weeding (14.82 mm/Ha) | 19 Ha | 4951.88 /Ha | 3,800 | 500+ GST (12%) | 1,50,000 |
| 10 | 27/2017-18 | Kurinjimala Sanctuary | Clear knife weeding (14.82 mm/Ha) | 25.17 Ha | 4951.88 /Ha | 5,000 | 500+ GST (12%) | 2,00,000 |

Period of Contract—15 days for Sl. No. 8, 30 days for Sl. Nos. 9, 10 and Fire line creation within 15 days from the date of agreement. Subsequent maintenance of fire line till 30-4-2018 for all others.

Further details can be had from the Office of the Wildlife Warden, Munnar and Assistant Wildlife Wardens, Eravikulam National Park/Chinnar Wildlife Sanctuary/Shola National Parks.

The last date and time of sale of tender forms—18-1-2018 upto 1 p.m.

Date and time of receipt of tender—18-1-2018 upto 3 p.m.

Gaz. No. 2/2018/DTP (Forest).

Date and time of opening tenders—18-1-2018 at 3.30 p.m.

Alternate date—20-1-2018.

Place of tender—Wildlfe Division, Munnar

## CONDITIONS

1. All the conditions in the G.. O. (Ms.) No. 26/2017/F& WLD dated 20-5-2017 will be applicable to this tender also.
2. Tender form (Appendix 9) and other details (Not transferable) can be obtained from Wildlife Division, Munnar on payment of cash or by Demand Draft (DD) drawn in favour of Wildlife Warden, Munnar payable on any Scheduled/Nationalized Bank. The cost of tender form will be fixed by Government from time to time. The application form can also be downloaded from the official website of Kerala Forest Department and if the forms are downloaded from the website the cost of tender documents should be attached as DD from a Nationalized/ Scheduled Bank as mentioned above, along with Part I Tender. The cost of tender forms once paid will be neither refundable on any account, nor be adjusted towards cost of any other tender forms.
3. The tender form shall be used only by the person in whose name it is issued and for the work specified in the schedule attached to the tender form.
4. Tenders completed in all respects with the prescribed EMD will be received upto the specified time on specified date in the Notification by Registered post/Speed post or to be deposited in the tender box provided for this purpose in the Division Office. Tender documents will not be sent by post.
5. Before submitting the tender, the tenderer is expected to study and scrutinize all the conditions in the agreement to be executed, the draft of which can be had for perusal at the Wild life Division, Munnar on any working day during office hours. They are also requested to study the detailed tender conditions attached to the tender document, any plea of ignorance of the agreement conditions or any complaint regarding the said conditions received after the time of tender will not be entertained.
6. Before submitting the tender the tenderer shall visit the area of work to study all the field conditions and nature of work and quote his rate accordingly. No enhancement in rate due to any reason will be entertained thereafter.
7. The tenderer shall quote a firm percentage of the basic rate per Kilometer for creation of fire line and fire tracing as in the Schedule both in figures as well as in words in the appropriate column in the tender form. In the case of tenderer quoting different total amount in words and figures, least of the same will be considered valid and shall be binding on him/her.
8. The tenderer shall submit the filled up tender form together with all the pages intact in a sealed cover addressed to "The Wildlife Warden, Wildlife Division, Munnar" and superscribed Tender for (Name of work - as specified in the first part of tender notice) so as to reach the office as specified in the first part of tender notice.
9. Tender received after the specified date and time or received without the requisite enclosures or tenders not written up in proper order or form will not be honoured.
10. Each tender shall be accompanied by a Demand Draft of a Nationalized/Scheduled Bank for the amount specified against each work as per the notification in favour of the Wildlife Warden, Wildlife Division, Munnar as Earnest Money Deposit for the work.
11. All the corrections in the tender form shall be initiated by the tenderer himself.
12. Part I of the tenders received in due time will be opened by the Wildlife Warden or his deputee at the time specified in the first part of tender notice in the presence of such of the tenderers present on that occasion.
13. Part II tenders (price bid) of the tenderers whose Part I tenders have been accepted only will be opened on the day to be declared subsequently. The time and place of opening of the Part ll tenders will be announced immediately on the acceptance of the Part I tender.
14. The lowest tender will ordinarily be accepted, but the authority competent to accept the tender reserves the power of accepting or rejecting any tender without assigning any reason thereof.
15. No tenderer will be permitted to withdraw his offer within three months from the date of opening of the financial bid.

16. All the taxes prevailing at the time is applicable to this tender.

17. The tenderer whose tender is accepted will be informed regarding acceptance of this tender by a Confirmation Order issued through registered letter bearing the address mentioned in the tender. The successful tenderer, within seven days of receipt of confirmaticn of his tender, shall have to execute an agreement in the prescribed form (Appendix 11) on a proper non-judicial stamp paper worth ` 100/- to be supplied by him at this cost. If the contractor fails to execute the agreement during the period, the tender will be cancelled and the Earnest Money Deposit submitted by the tender shall stand forfeited to the Kerala Forest Department. The work will be carried out at the risk and cost of the tenderer or through any other method (including through the next higher tenderer). The loss, if any, to the Government consequent to the default, if not paid by the defaulter within a reasonable time specified by the Wildlife Warden, shall be treated as arrears on public revenue to be recovered from the defaulter under the provisions of the Kerala Revenue Recovery Act 1968 and in such other manner as the Government may deem fit. The defaulter however will not be entitled for gain, if any.

18. The successful tenderer while signing the agreement shall furnish a security deposit for an amount equal to 10% of the total Probable Amount of Contract. The security deposit will be released only after the successful completion of the contract work and after producing the Non Liabilty Certificate from the concerned officers.

19. The successful tenderer shall give an undertaking at the time of execution of agreement that he shall not sell, mortgage or otherwise alienate the properties covered by the solvency certificate during the currency of the contract.

20. The post-offers and representations sent, after receipt of the tender in respect of the work shall not be considered on any grounds.

21. The Earnest Money Deposit of the unsuccessful tenderers will be returned as soon as possible after the tenders are finalized.

22. The quantities of work shown in the Schedule are approximate and it may vary on actual execution of work.

23. The area shown in the tender schedule is approximate. The actual extent of the contract area may vary as per the final survey report, which will be binding on the successful tenderer.

24. The Contractor has to keep the fire line free from leaf litters throughout the contract period.

25. Payment in two instalments will be made to the contractor on specific request and on submission of bill in the prescribed format at the following stages provided, the condition specified are achieved. Payment will be made through crossed cheques or e-payment only.

26. Different stages at which payment will be made to the Contractor for fire line creation works are as follows:

    (i) First part payment upto 80% of the agreed amount after proper completion of the work as specified.

    (ii) Balance 20% of the agreed amount will be paid after 45 days of completion of fire line creation works, provided the entire fire line is maintained properly, free from leaf litters.

27. It shall be open to the Wildlife Warden to cancel/reduce the quantity of work to be executed in the attached schedule based on site conditions and the Wildlife Warden's decision will be binding on the successful tenderer. If any additional item/s of work which are not included in the schedule are required to be carried out inevitably for reasons to be recorded, in the contract area during the course of contract period, the successful tenderer is bound to execute that work for which payment worked out as per forest schedule rate for such item will be made at the agreed rate in the contract. The cost of the work will be worked out as per the prevailing forest schedule of rate.

28. Kerala Forest Department reserves the right to execute the work through any other mode of execution other than through contract system if the tender offered by the contractors is not feasible according to the Department.

29. The undersigned reserves the right to cancel the tender without assigning any reason.

Further details can be available from Wildlife Division, Munnar and in Telephone No. 04865-231587 on working hours.

(Sd.)
*Wildlife Warden*
(For and on behalf of Governor of Kerala).

Office of the Wildlife Warden,
Wildlife Division, Munnar.

## തൃശ്ശൂർ ഡിവിഷൻ

### ദർഘാസ് പരസ്യം

നമ്പർ ടിഎ2-10066/2017.   2017 ഡിസംബർ 21.

കേരള ഗവർണ്ണർക്കുവേണ്ടി തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ താഴെ പറയുന്ന ജോലികൾക്ക് 18-1-2018-ന് ഉച്ചയ്ക്ക് 1 മണിവരെ പൊതുമരാമത്തു വകുപ്പിലെ അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പരും പ്രവർത്തിയുടെ പേരും ഉദ്ദേശ അടങ്കൽതുകയും | നിരതദ്രവ്യം ` | കരാറുകാരുടെ ക്ലാസ്സ് | ദർഘാസ് ഫോറത്തിന്റെ വില ` | പ്രവൃത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 19/2017-18—മച്ചാട് റെയിഞ്ച് അകമല ഫോറസ്റ്റ് സ്റ്റേഷനിലെ മണ്ണാത്തി പാറ ചെക്ക് ഡാമിൽ നിന്ന് ചെളി നീക്കം ചെയ്യുന്ന ജോലി— ` 80,500 | 2,000 | 'ഡി' യും അതിനു മുകളിലും | 300 + ജിഎസ്ടി | 1 മാസം |
| 2 | 20/2017-18—മച്ചാട് റെയിഞ്ചിൽ എളനാട് ഫോറസ്റ്റ് സ്റ്റേഷനിലെ വെണ്ണൂർ വില്ലേജിൽ സർവ്വെ നമ്പർ 306/2, 306/3, 306/4 എന്നിവയിൽ 5 ജണ്ടകളുടെ പുനർനിർമ്മാണം— ` 28,750 | 700 | ,, | 300 + ജിഎസ്ടി | 1 മാസം |
| 3 | 21/2017-18—മച്ചാട് റെയിഞ്ചിൽ എളനാട് ഫോറസ്റ്റ് സ്റ്റേഷനിലെ വെണ്ണൂർ വില്ലേജിൽ സർവ്വെ നമ്പർ 306/1, 307/1, 307/2 എന്നിവയിൽ 2 ജണ്ടകളുടെ നിർമ്മാണം— ` 10,925 | 300 | ,, | 300 + ജിഎസ്ടി | 1 മാസം |
| 4 | 22/2017-18—മച്ചാട് റെയിഞ്ചിൽ എളനാട് ഫോറസ്റ്റ് സ്റ്റേഷനിലെ വെണ്ണൂർ വില്ലേജിൽ സർവ്വെ നമ്പർ 306/1, 307/1, 307/2 എന്നിവയിൽ 5 ജണ്ടകളുടെ പുനർ നിർമ്മാണം— ` 28,750 | 700 | ,, | 300 + ജിഎസ്ടി | 1 മാസം |
| 5 | 23/2017-18—മച്ചാട് റെയിഞ്ചിൽ വാഴാനി ഫോറസ്റ്റ് സ്റ്റേഷനിലെ തെക്കുംകര വില്ലേജിൽ സർവ്വെ നമ്പർ 825/116/2, 825/115, 1182/1, 1182/2 വനാതിർത്തിയിൽ 16 ജണ്ടകളുടെ പുനർ നിർമ്മാണം— ` 71,300 | 2,000 | ,, | 300 + ജിഎസ്ടി | 1 മാസം |
| 6 | 24/2017-18—മച്ചാട് റെയിഞ്ചിൽ വാഴാനി ഫോറസ്റ്റ് സ്റ്റേഷനിലെ തെക്കുംകര വില്ലേജിൽ സർവ്വെ നമ്പർ 1182/2, 1182/1 വനാതിർത്തിയിൽ 16 ജണ്ടകളുടെ നിർമ്മാണം— ` 58,420 | 1,500 | ,, | 300+ ജിഎസ്ടി | 1 മാസം |
| 7 | 25/2017-18—മച്ചാട് റെയിഞ്ചിൽ അകമല ഫോറസ്റ്റ് സ്റ്റേഷനിലെ കുറുമല വില്ലേജിൽ സർവ്വെ നമ്പർ 254/പിയിൽ 3 ജണ്ടകളുടെ നിർമ്മാണം— ` 17,365 | 500 | ,, | 300 + ജിഎസ്ടി | 1 മാസം |
| 8 | 26/2017-18—മച്ചാട് റെയിഞ്ചിൽ എളനാട് ഫോറസ്റ്റ് സ്റ്റേഷനിലെ വട്ടുള്ളി- കുറുമല വില്ലേജിൽ സർവ്വെ നമ്പർ 252/6-9-ൽ 2 ജണ്ടകളുടെ നിർമ്മാണം— ` 10,350 | 300 | ,, | 300 + ജിഎസ്ടി | 1 മാസം |
| 9 | 27/2017-18—പട്ടിക്കാട് റെയിഞ്ചിലെ വാണിയംപാറ ഫോറസ്റ്റ് സ്റ്റേഷനിലെ പഴവെള്ളച്ചാൽ മേഖലയിൽ കുളം നിർമ്മാണം സംബന്ധിച്ച ജോലികൾ— ` 1,15,000 | 3,000 | ,, | 300 + ജിഎസ്ടി | 1 മാസം |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 10 | 28/201718—വടക്കാഞ്ചേരി റെയിഞ്ചിലെ വിവിധ സ്റ്റേഷനുകളുടെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ ജണ്ടകളുടെ നിർമ്മാണം 1. വെട്ടിക്കാട് RF Area വടക്കാഞ്ചേരി വില്ലേജ് സർവ്വെ നമ്പർ 22—എണ്ണം 3 2. മാലേശമംഗലം ബിറ്റ് 3 RF തിരുവില്ല്വാമല വില്ലേജ് സർവ്വെ നമ്പർ 1281/11—എണ്ണം 2 3. വെട്ടിക്കാട് RF Area വടക്കാഞ്ചേരി വില്ലേജ് സർവ്വെ നമ്പർ 25/03, 26/07- എണ്ണം 1—` 37,260 | 1,000 | 'ഡി' യും അതിനു മുകളിലും | 300+ ജിഎസ്ടി | 1 മാസം |
| 11 | 29/2017-18—വടക്കാഞ്ചേരി റെയിഞ്ചിലെ വിവിധ സ്റ്റേഷനുകളുടെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ ജണ്ടകളുടെ പുനർ നിർമ്മാണം 1. വെട്ടിക്കാട് RF Area വടക്കാഞ്ചേരി വില്ലേജ് സർവ്വെ നമ്പർ 22—എണ്ണം 8 2. കോട്ടപ്പുറം ഹിൽ RF തയ്യൂർ വില്ലേജ് സർവ്വെ നമ്പർ 185/പി—എണ്ണം 1 3. വെട്ടിക്കാട് RF Area വടക്കാഞ്ചേരി വില്ലേജ് സർവ്വെ നമ്പർ 25/03, 26/07- എണ്ണം 4—` 74,750 | 2,000 | ,, | 300+ ജിഎസ്ടി | 1 മാസം |
| 12 | 30/2017-18—പട്ടിക്കാട് റെയിഞ്ചിലെ വാണിയംപാറ ഫോറസ്റ്റ് സ്റ്റേഷനിൽ മഞ്ഞക്കുന്ന് വീരപ്പൻപാടം ഭാഗത്ത് ജണ്ടകളുടെ നിർമ്മാണം—5 എണ്ണം—` 30,000 | 750 | ,, | 300+ ജിഎസ്ടി | 1 മാസം |

ദർഘാസ് പ്രമാണങ്ങൾ തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റാഫീസിൽ നിന്നും ദർഘാസ് ദിവസം ഉച്ചക്ക് 1 മണി വരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങളുടെ വില മടക്കിക്കൊടുക്കുന്നതല്ല. പൂരിപ്പിച്ച ദർഘാസുകൾ ദർഘാസ് ദിവസം വൈകുന്നേരം 3 മണി വരെ സ്വീകരിക്കുന്നതും ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ 3.30 മണിക്ക് തുറക്കുന്നതുമാണ്. ദർഘാസ് ഫോറത്തോടൊപ്പം ` 200-ന്റെ മുദ്രപത്രത്തിൽ നിർദ്ദിഷ്ട മാതൃകയിൽ പ്രാഥമിക കരാറും, ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിന്റെ ഡിമാന്റ് ഡ്രാഫ്റ്റ് രൂപത്തിൽ തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ പേരിൽ പണയപ്പെടുത്തി തൃശ്ശൂരിൽ മാറത്തക്കവിധം നിരതദ്രവ്യവും സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യവും പ്രാഥമിക കരാറും ഉൾക്കൊള്ളിക്കാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. മരാമത്ത് ജോലികളെ സംബന്ധിച്ച് കേരള വനം വകുപ്പിലേയും പൊതുമരാമത്തു വകുപ്പിലേയും നിലവിലുള്ള നിയമങ്ങൾ ഇതിനും ബാധകമായിരിക്കും. ടി പ്രവൃത്തിക്ക് അനുവാദം ലഭിച്ചു കഴിഞ്ഞാൽ ടെണ്ടറുകാരനെ രേഖാമൂലം അറിയിക്കുന്നതും ടി ജോലിയുടെ ആകെ തുകയുടെ 5% സെക്യൂരിറ്റി കെട്ടിവെച്ച് ഉടമ്പടി വെയ്ക്കേണ്ടതും ജോലി നടത്തേണ്ടതുമാണ്. ടെണ്ടർ ലഭിച്ചയാൾ ഉടമ്പടിവെയ്ക്കാതെ ഒഴിഞ്ഞു പോകുകയാണെങ്കിൽ അയാളുടെ നഷ്ടോത്തരവാദിത്വത്തിൽ റീടെണ്ടർ ചെയ്യുന്നതും ഉടമ്പടി വെച്ചയാൾ ജോലി നിർദ്ദിഷ്ട സമയത്തിനകം പൂർത്തിയാക്കാതെ പോവുകയാണെങ്കിൽ അയാളുടെ നഷ്ടോത്തരവാദിത്വത്തിൽ ജോലി നടത്തുന്നതും തൻമൂലം ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ടിയാൻ ഉത്തരവാദിയാകുന്നതുമാണ്.

ടെണ്ടർ ദിവസം പൊതു അവധിയായി വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെണ്ടർ നടത്തുന്നതാണ്. ആ ദിവസം ടെണ്ടറുകൾ നടക്കാതെ വന്നാൽ 30-1-2018 നോ, അന്നും നടക്കാതെ വന്നാൽ 9-2-2018 നോ താഴെ പറയും പ്രകാരം ടെണ്ടർ നടത്തുന്നതായിരിക്കും. ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം ഡിവിഷണൽ ഫോറസ്റ്റാഫീസറിൽ നിക്ഷിപ്തമാണ്.

| ടെണ്ടർ തീയതി | ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | ടെണ്ടർ തുറക്കുന്ന തീയതിയും സമയവും |
|---|---|---|
| 18-1-2018 | 18-1-2018 1 p.m. | 18-1-2018 3 p.m. |
| 30-1-2018 | 30-1-2018 1 p.m. | 30-1-2018 3 p.m. |
| 9-2-2018 | 9-2-2018 1 p.m. | 9-2-2018 3 p.m. |

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

Gaz. No. 2/2018/DTP (Forest).

No. TA 2-10066/2017. *21st December 2017.*

Competative Seperate sealed tenders are invited from the eligible registered C and D class PWD contractors for execution of works noted in schedule-I attached below. The tenderer is bound to comply with the terms and conditions in force, besides the conditions that will be framed by the Govt. from time to time. Tender documents and schedules are available in the office of the undersigned. The EMD should be submitted through Demand Draft. Cost of tender form should be submitted in cash/DD.

SCHEDULE-I

| *Sl. No.* | *Tender No.* | *Name of Range and Station* | *Name of work* | *Name of Area* | *Quantity* | *Approximate Estimate amount with CP* | *Period of Completion* |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | 19/2017-18 | Machad/ Akamala | Desiltation of checkdam | Mannathipara, Akamala FS | 300 m3 | 80,500 | 1 Month |
| 2 | 20/2017-18 | Machad/ Elanad | Reconstruction of cairns | Reconstruction of cairns along the boundary of Sy. Nos. 306/2, 306/3, 306/4 in Vennur Village of Elanad Forest Station | 5 Nos. | 28,750 | 1 Month |
| 3 | 21/2017-18 | Machad/ Elanad | Construction of cairns | Construction of cairns along the boundary of Sy. Nos. 306/1, 307/1, 307/2 in Vennur Village of Elanad Forest Station | 2 Nos. | 10,925 | 1 Month |
| 4 | 22/2017-18 | Machad/ Elanad | Reconstruction of cairns | Reconstruction of cairns along the boundary of Sy. Nos. 307/1, 307/2, 306/1 in Vennur Village of Elanad Forest Station | 5 Nos. | 28,750 | 1 Month |
| 5 | 23/2017-18 | Machad/ Vazhani | Reconstruction of cairns | Reconstruction of cairns along the boundary of Sy. Nos. 825/116/2, 825/115, 118/1, 118/2 of Thekkumkara Village Vazhani Forest Station | 16 Nos. | 71,300 | 1 Month |
| 6 | 24/2017-18 | Machad/ Vazhani | Construction of cairns | Construction of cairns along the boundary of Sy. Nos. 825/116/2, 825/115, 118/1, 118/2 of Thekkumkara Village Vazhani Forest Station | 16 Nos. | 58,420 | 1 Month |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| 7 | 25/2017-18 | Machad/ Akamala | Construction of cairns | Construction of cairns along the boundary of Sy. No. 252/4 p in Kurumala Village, Akamala Forest Station | 3 Nos. | 17,365 | 1 Month |
| 8 | 26/2017-18 | Machad/ Elanad | Construction of cairns | Construction of cairns along the boundary of Sy. No. 252/6/9 in Vattully of Kurumala Village Akamala Forest Station | 2 Nos. | 10,350 | 1 Month |
| 9 | 27/2017-18 | Pattikkad/ Vaniyampara | Digging Pond | Digging pond in Pazhavellachal area of Vaniyampara Forest Station | 1 No. | 1,15,000 | 1 Month |
| 10 | 28/2017-18 | Wadakkanchery Range | Construction of cairns | 1. Vettikkad RF area Wadakkanchery Village, Survey No. 22 | 3 Nos. | 37,260 | 1 Month |
| | | | | 2. Maleshamangalam Bit 3, RF, Thiruvilwamala Village Sy. No. 1281/11 | 2 Nos. | | |
| | | | | 3. Vettikkad RF area Wadakkanchery Village, Survey No. 25/3, 26/7 | 1 Nos. | | |
| 11 | 29/2017-18 | Wadakkanchery Range | Reconstruction of cairns | 1. Vettikkad RF area Wadakkanchery Village Survey No. 22 | 8 Nos. | 74,750 | 1 Month |
| | | | | 2. Kottapuram hill RF Thayyur Village Sy. No. 185/P | 1 No. | | |
| | | | | 3. Vettikkad RF area Wadakkanchery Village, Survey Nos. 25/3, 26/7 | 4 Nos. | | |
| 12 | 30/2017-18 | Pattikkad Range | Construction of cairns | Manjakkunnu Veerappanpadam area in Vaniyampara Forest Station | 5 Nos. | 30,000 | 1 Month |

The quantity mentioned in the above table are approximate and on actual execution the quantity may vary. Penalty as per Rule will be levied by the Forest Department from the tenderer, if any for the delay of execution of work in time. The undersigned reserves all rights for cancellation of any work at any time without further intimation. All the prevailing conditions for tender are applicable for this tender also.

SCHEDULE II

| *Sl. No.* | *Name of Range and Station* | *Name of work* | *Approximate contract value* | *EMD* ` | *Cost of tender form* ` |
|---|---|---|---|---|---|
| 1 | Machad/Vazhani | Desiltation of Checkdam | 80,500 | 2,000 | 300 + GST |
| 2 | Machad/Vazhani | Reconstruction of Cairns | 28,750 | 700 | 300 + GST |
| 3 | Machad/Elanad | Construction of Cairns | 10,950 | 300 | 300 + GST |
| 4 | Machad/Vazhani | Reconstruction of Cairns | 28,750 | 700 | 300 + GST |
| 5 | Machad/Elanad | Reconstruction of Cairns | 81,100 | 2,100 | 300 + GST |
| 6 | Machad/Akamala | Construction of Cairns | 58,450 | 1,500 | 300 + GST |
| 7 | Machad/Akamala | Construction of Cairns | 17,400 | 450 | 300 + GST |
| 8 | Machad/Elanad | Construction of Cairns | 10,400 | 300 | 300 + GST |
| 9 | Pattikkad/ Vaniyampara | Digging Pond | 1,15,000 | 2,900 | 300 + GST |
| 10 | Wadakkanchery Range | Construction of Cairns | 37,260 | 1,000 | 300 + GST |
| 11 | Wadakkanchery Range | Reconstruction of Cairns | 74,750 | 2,000 | 300 + GST |
| 12 | Pattikkad Range | Construction of Cairns | 30,000 | 750 | 300 + GST |

Tender forms will be available from the Divisional Forest Office, Thrissur.

If the tender could not be conducted in the notified date the tender will be conducted at the same place in the same time on the next working day.

| *Tender date* | *Last date and time of receipt of tender* | *Opening date and time (in Divisional Forest Office, Thrissur)* |
|---|---|---|
| 18-1-2018 | 18-1-2018, 1 p. m. | 18-1-2018, 3 p. m. |

If the tender does not takes place on 18-1-2018, due to any reasons, the same will be conducted as follows:

| | | |
|---|---|---|
| 30-1-2018 | 30-1-2018, 1 p.m. | 30-1-2018 at 3 p.m. |
| 9-2-2018 | 9-2-2018, 1 p.m. | 9-2-2018, 3 p.m. |

**Tender Conditions**

1. Tender form and other details can be obtained from Divisional Forest Office, Thrissur on payment of Cash or by Demand Draft drawn in favour of Divisional Forest Officer, Thrissur payable on any Scheduled/Nationalized Bank towards cost of tender form. The cost of tender form can also be downloaded from the official website of Kerala Forest Department and if the forms are down loaded from the website the cost of tender documents should be attached as DD from a Nationalized/ Scheduled Bank as mentioned above, along with Part 2 tender. The cost of tender forms once paid is not refundable on any account, nor will the amount be adjusted towards the cost of any other tender forms.

2. The tender form shall be used only by the person in whose name it is issued and for the work specified in the schedule attached to the tender form.

3. Before submitting the tender, the tenderer is expected to study and scrutinize all the conditions in the agreement to be executed, the draft of which can be had for perusal at the Divisional Forest Office on any working day during office hours. They are also requested to study the detailed tender conditions attached to the tender document. No plea of ignorance of the agreement conditions received after putting in the tender will be entertained.

4. Before submitting the tender the tenderer shall visit the area of work to study all the field conditions and nature of work and quote his rate accordingly. No enhancement in rate due to any reason will be entertained thereafter.

5. The tenderer shall quote in the appropriate column in the tender a firm percentage of the basic rate per kilometre in figures as well as in words also. Lower of the same only be considered valid and shall be binding on him/her. If the Kerala Forest Department feels that the total amount quoted or item wise rate of any of the item quoted is unworkable due to variance to the lower side to an abnormal level with Kerala Forest Department estimated rates, the tenderer may be required to furnish satisfactory explanation on the above respect. In such an event, the Kerala Forest Department has the option to collect a special/extra security deposit to the tune of 10% of the quoted amount subject to a maximum of ` 30,000 (Rupees thirty thousand only) from the tenderer before issuance of confirmation orders. If the explanation furnished is not found satisfactory or no explanation is furnished, the Kerala Forest Department has the right to deny the offer of work to the tenderer even though he/she is the lowest tenderer.

6. The tenderer shall submit the filled up tender form together with all the pages in tact in sealed cover addressed to "The Divisional Forest Officer, Thrissur Forest Division, Ayyanthole, Thrissur" and superscribed "Tender for Name of work..............................in................... Range so as to reach him in his office at 1 p.m. on .......... If the date fixed for acceptance of tender happens to be holiday the tenders will be accepted on the next working day at the same hour.

7. Tender received after the specified date and time or received without the requisite enclosures or tenders not written up proper order or form will not be honoured.

8. Each tender shall be accompanied by a demand draft of a Nationalized/Scheduled Bank for ` ................. (Rupees ................ ) in favour of Divisional Forest Officer, Thrissur as Earnest Money Depost for the work.

9. All the corrections in the tender form shall be initialled by the tenderer himself.

10. The tenders received in due time will be opened by the Divisional Forest Officer or his deputy at his office at ......... on ............ in the presence of such of the tenderers present on that occassion.

11. The lowest tender, ordinarily be accepted, but the authority competent to accept the tender reserves to himself the power of accepting or rejecting any tender without assigning any reason thereof.

12. No tenderer will be permitted to withdraw his offer within three months from the date of opening of the financial bid.

13. The tenderer whose tender is accepted will be informed regarding acceptance of his tender by a confirmation order issued by the registered letter bearing the address mentioned in the tender. The successful tenderer, within three days of receipt of confirmation of his tender, shall have to execute an agreement in the prescribe form on a proper non judicial stamp paper (worth ``200) to be supplied by him at his cost. If the contractor fails to execute the agreement the tender will be cancelled and the Earnest Money Deposit submitted by the tenderer shall stand forfeited to the Kerala Forest Department. The work will be retendered at the risk and cost of the tenderer or through any other manner (including through the next higher tenderer). The loss, if any, to the Govt. consequent to the default, if not paid by the defaulter within a reasonable time specified by the Divisional Forest Officer, shall be treated as arrears on public revenue to be recovered from the defaulter under the provisions of the Kerala Revenue Recovery Act 1968 and in such other manner as the Govt. may deem fit. The defaulter however will not be entitled for gain, if any.

14. The successful tenderer while signing the agreement shall furnish a security deposit for an amount equal to 10 per cent of the total probable amount of contract, limited to a maximum of ` 5,00,000 (Rupees five lakhs only). The security deposit will be released only after the successful compeletion of the contract work and after producing the Non liability certificate from the concerned officers.

15. The successful tenderer shall give an undertaking at the time of execution of agreement that he shall not sell, mortgage or otherwise alienate the properties covered by the solvency certificate during the currency of the contract.

16. The post offers and representations sent, after receipt of tender in respect of the work shall at no account be considered.

17. The EMD of the unsuccessful tenderers will be returned as soon as possible after the tenders are finalised.

18. The quantities of work shown in the schedule are approximate and it may vary on actual execution of work.

19. The quantity shown in the tender schedule are approximate. The actual extent of the contract area may vary as per the final survey report, which will be binding on the successful tenderer.

20. The payment shall be made after completion of the work.

21. The work in the area mentioned should be started on .................. and completed before .............. No extention of time will be allowed. The undersigned has the power to change the starting date of the work.

22. Further details can be had from the office of the Divisional Forest Officer, Thrissur, Range Forest Officer, Pattikkad/ Wadakkanchery and Machad.

(Sd.)

*Divisional Forest Officer.*
(For and on behalf of the Governor of Kerala)

Office of the Divisional Forest Officer,
Thrissur Division, Ayyanthole, Thrissur.

## വാഴച്ചാൽ ഡിവിഷൻ

ഇ-ദർഘാസ് പരസ്യം

നമ്പർ ഡി-2582/2017. 2017 ഡിസംബർ 18.

കേരള ഗവർണ്ണർക്കുവേണ്ടി വാഴച്ചാൽ ഡിവിഷനിൽ താഴെ ചേർത്തിരിക്കുന്ന പ്രവർത്തികൾക്ക് കേരള പൊതുമരാമത്തുവകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽ നിന്നും വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഓൺലൈൻ ദർഘാസുകൾ ഇ-ടെണ്ടർ മുഖേന ക്ഷണിക്കുന്നു. ദർഘാസുകാർ വനം വകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും ഇതര വ്യവസ്ഥകളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ www.etenders.kerala.gov.in എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽമാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ടെണ്ടറിനോടൊപ്പം ` 200-ന്റെ കേരള സർക്കാരിന്റെ മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, സ്കാൻ ചെയ്ത മറ്റു രേഖകളുടെ പകർപ്പ് PWD സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇ-പേയ്മെന്റ് ഫോം, ബിഡ് ഡോക്യുമെന്റ് BOQ മുതലായവ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ തുറക്കുന്നതിന് മുമ്പ് സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റുവിവരങ്ങൾ എൻ.ഐ.സി.-യിൽ നിന്നോ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Help desk-ൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേമെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടുനടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല. ടെണ്ടർ തുറക്കുന്ന തീയതി ഒരു പൊതു അവധിയായി പ്രഖ്യാപിക്കുകയോ സാങ്കേതികമായ മറ്റേതെങ്കിലും കാരണങ്ങളാലോ ടെണ്ടർ തുറക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം ടെണ്ടർ തുറക്കുന്നതായിരിക്കും.

ദർഘാസ് സ്വീകരിച്ചശേഷം പ്രവൃത്തി ലഭിച്ച കരാറുകാരൻ എഗ്രിമെന്റ് വച്ച് ജോലി ഏറ്റെടുക്കാതെ വീഴ്ച വരുത്തുന്നപക്ഷം പ്രസ്തുത പ്രവൃത്തി വീഴ്ച വരുത്തിയ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ദർഘാസ് ചെയ്യുന്നതും ഇപ്രകാരം പുനർ ദർഘാസ്മൂലം സർക്കാരിന് വരുന്ന നഷ്ടങ്ങൾക്ക് ഒറിജിനൽ കരാറുകാരൻ ഉത്തരവാദി ആയിരിക്കുന്നതും അപ്രകാരം ഉണ്ടാകുന്ന നഷ്ടങ്ങൾ വീഴ്ച വരുത്തിയ കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്ന് റവന്യൂ റിക്കവറി ആക്ട് പ്രകാരം ഈടാക്കുന്നതിന് ` 200-ന്റെ മുദ്രപത്രത്തിൽ ഒരു സമ്മതപത്രം എഴുതി ഒപ്പിട്ട് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. കേരള പൊതുമരാമത്തു വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച നിലവിലുള്ള എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കും. നിയമപ്രകാരമുള്ള പോസ്റ്റ് ഓഫറുകൾ പരിഗണിക്കുന്നതാകുന്നു. ദർഘാസിനായി പരസ്യപ്പെടുത്തിയ തീയതി ഏതെങ്കിലും കാരണത്താൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും സമയത്തും ദർഘാസ് നടത്തുന്നതായിരിക്കും. ഈ ദർഘാസിലെ ഏതൊരു പ്രവൃത്തിയും ഒരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാകുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | നിരതദ്രവ്യം ` |
|---|---|---|
| 1 | ചാർപ്പ കണ്ണൻകുഴി ഫോറസ്റ്റ് സ്റ്റേഷൻ കോമ്പൗണ്ടിനും പുതിയതായി നിർമ്മാണം നടക്കുന്ന ചെക്ക് പോസ്റ്റ് കോമ്പൗണ്ടിനും നടുക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന ജോലി 2017-18—` 3,70,000 | 9,300 |
| 2 | ഷോളയാർ റെയിഞ്ചിലെ വളവൻപ്പാറ റോഡിന്റെ 2-ാം റീച്ചിലെ ചതുപ്പും കുത്തനെയുള്ള ഭാഗവും ശക്തിപ്പെടുത്തി സംരക്ഷിക്കുന്ന ജോലി 2017-18—` 5,00,000 | 12,500 |

ദർഘാസ് നമ്പർ—5/2017.

ദർഘാസ് പ്രമാണത്തിന്റെ വില—ക്രമനമ്പർ 1-ന് ` 750 + ജി. എസ്. ടി., ക്രമനമ്പർ 2-ന് ` 1,000 + ജി. എസ്. ടി.

കരാറുകാരന്റെ ക്ലാസ്—A,B,C & D.

ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും—17-1-2018 രാവിലെ 10 മണി.

ടെണ്ടർ സ്വീകരിക്കുന്ന തീയതിയും സമയവും—24-1-2018 വൈകുന്നേരം 5 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—29-1-2018, 11 മണി.

പ്രവൃത്തി തീർക്കേണ്ട കാലാവധി— 30 ദിവസം

മേൽ ദിവസങ്ങളിൽ എന്തെങ്കിലും കാരണങ്ങളാൽ ടെണ്ടർ നടക്കാതെ വരുകയോ മേൽ തീയതിയിൽ നടത്തിയ ടെണ്ടർ എന്തെങ്കിലും കാരണങ്ങളാൽ നിരസിക്കപ്പെടുകയോ ചെയ്യുന്ന പക്ഷം താഴെപ്പറയുന്ന തീയതിയിൽ ടെണ്ടർ നടക്കുന്നതായിരിക്കും.

ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും—2-2-2018 രാവിലെ 10 മണി.

ടെണ്ടർ സ്വീകരിക്കുന്ന തീയതിയും സമയവും—9-2-2018 വൈകുന്നേരം 5 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—14-2-2018, 11 മണി.

കൂടുതൽ വിവരങ്ങൾ വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നും (ഫോൺ 0480-2701713) പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

No. D-2582/2017. *18th December 2017.*

The Divisional Forest Officer, Vazhachal Division for and on behalf of Governor of Kerala invites online tenders from Registered bidders having a valid and active Registration with PWD for the following works. The tenderer is bound to comply with the terms and conditions in force, besides the conditions that will be framed by the Government in future in connection with this tender. Tender documents and schedules are available in the website www.etenders.kerala.gov.in. The Earnest Money Deposit and tender cost for the tender should be submitted through the Internet online banking of SBI or through NEFT for other banks. For submission of tenders visit the website www.etenders.kerala.gov.in.

All bid/tender documents are to be submitted online only and in the designated Online cover(s)/envelope(s) on the www.etenders.kerala.gov.in. website and tenders submitted manually/through post will not be entertained. Late tenders will not be accepted.

Online tenders/bids are to be accompanied with a preliminary agreement executed in Kerala Stamp Paper worth ` 200. Tenders/bids received online without the scanned copies of relevant documents, preliminary agreement, and scanned copies of registration certificate attested by E.E.etc. will not be considered and shall be summarily rejected. Any further clarification on this tender can be obtained from NIC/the e-tender Helpdesk number available in the www.etenders.kerala.gov.in website and from the office of the Divisional Forest Officer, Vazhachal Division, Chalakudy during the office hours. The details regarding e-Payment (Bidder's Bank Account No. where he/she is having core banking facility and email ID) should be submitted along with the tender. Tenders without these details will not be accepted. Technical bid and financial bid shall be submitted in their respective designated online covers.

The Forest Department will not be responsible for any inconvenience or loss to the Bidder while uploading/ downloading the bid.

The successful tenderer should execute an agreement in the prescribed format in a Stamp Paper worth ` 200. If the notified date of tender happens to be a holiday, or if it is not possible to open the tender due to technical reasons, the tender will be opened on the very next working day. Undersigned reserves all rights for cancelling any work at any time without further intimation. All other existing condition related to e-tendering of Kerala PWD/Forest will be applicable for this tender also.

| *Sl. No.* | *Name of work and Estimate Amount* | *EMD* ` |
|---|---|---|
| 1 | Construction of a Protection wall between Kannankuzhy Forest Station compound and New Check Post Building compound in Charpa Range 2017-18— ` 3,70,000 | 9,300 |
| 2 | Strengthening of Valavanpara Forest Road at 2nd reach in Sholayar Range during 2017-18— ` 5,00,000 | 12,500 |

Tender No.— 5/2017-18

Cost of tender form— ` 750 + GST for Sl. No. 1 and ` 1,000 + GST for Sl. No 2.

Type of Contractor—A,B,C & D

Period of completion—30 days.

Date from which tender forms will be available in the website—17-1-2018 at 10 a. m.

Date and time upto which tenders will be received—24-1-2018, up to 5 p. m.

Date and time up opening of tender—29-1-2018 at 11 a. m.

*Next date of tender*

Date from which tender forms will be available in the website—2-2-2018, 10 a. m.

Date and time up to which tenders will be received —9-2-2018 up to 5 p. m.

Date and time for opening of tender—14-2-2018 at 11 a. m.

Period of completion—as mentioned in the above

Further details can be had from the office of the Divisional Forest Officer, Vazhachal Division, Chalakudy, Phone (0480-2701713) during office hours.

Office of the Divisional
Forest Officer,
Vazhachal Division,
Chalakkudy.

N. RAJESH,
*Divisional Forest Officer.*

## പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഡിവിഷൻ

### ദർഘാസ് പരസ്യം

നമ്പർ ഡബ്ല്യു. പി.പി-250/2017. 2017 ഡിസംബർ 11.

പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസർ, പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഡിവിഷനിൽ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്വാഭാവിക വനം സാമ്പിൾ പ്ലോട്ട്, ഗ്രിഡ് തരം തിരിക്കലുമായ പ്രവൃത്തികൾക്ക് മത്സര സ്വഭാവമുള്ളതും മുദ്രവച്ചതുമായ ദർഘാസുകൾ വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള [സർക്കാർ ഉത്തരവ് നമ്പർ G.O. (Ms.) 26/2017/F & WLD dated 20-5-2017] പ്രകാരം കരാറുകാരിൽ നിന്നും 17-1-2018-ാം തീയതി ഉച്ചയ്ക്കുശേഷം 2.30 മണിവരെ പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ ലഭിക്കത്തക്കവിധം ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | റെയിഞ്ച്/ സെക്ഷന്റെ പേര് | പ്രവർത്തിയുടെ/ പ്രദേശത്തിന്റെ പേര് | അളവ് | അടിസ്ഥാന നിരക്ക് | നിരതദ്രവ്യം ₹ | ടെണ്ടർ ഫോറത്തിന്റെ വില ₹ | അടങ്കൽ തുക ₹ | കാലയളവ് |
|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| 1 | 1/2017-18 | പാലക്കാട് ഫോറസ്റ്റ് ഡിവിഷൻ (ഒലവക്കോട് റെയ്ഞ്ച്, എലിവാൽ സെക്ഷൻ) | പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്വാഭാവിക വനം സാമ്പിൾ പ്ലോട്ട്, ഗ്രിഡ് തരം തിരിക്കലുമായ പ്രവൃത്തികൾ | 30 എണ്ണം | 6040/ എണ്ണം | 3,500 | 500 + ജി.എസ്.ടി. (12%) | 1,99,500 | ഉടമ്പടി കാലാവധി തീയതി മുതൽ 30 ദിവസത്തിനകം |
| 2 | 2/2017-18 | പാലക്കാട് ഫോറസ്റ്റ് ഡിവിഷൻ (ഒലവക്കോട് റെയ്ഞ്ച്, ധോണി സെക്ഷൻ) | പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്വാഭാവിക വനം സാമ്പിൾ പ്ലോട്ട്, ഗ്രിഡ് തരം തിരിക്കലുമായ പ്രവൃത്തികൾ | 30 എണ്ണം | 6040/ എണ്ണം | 3,500 | 500 + ജി.എസ്.ടി. (12%) | 1,99,500 | |
| 3 | 3/2017-18 | പാലക്കാട് ഫോറസ്റ്റ് ഡിവിഷൻ (ഒലവക്കോട് റെയ്ഞ്ച്, മുണ്ടൂർ സെക്ഷൻ) | പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്വാഭാവിക വനം സാമ്പിൾ പ്ലോട്ട്, ഗ്രിഡ് തരം തിരിക്കലുമായ പ്രവൃത്തികൾ | 30 എണ്ണം | 6040/ എണ്ണം | 3,500 | 500 + ജി.എസ്.ടി. (12%) | 1,99,500 | |
| 4 | 4/2017-18 | പാലക്കാട് ഫോറസ്റ്റ് ഡിവിഷൻ (ഒറ്റപ്പാലം റെയ്ഞ്ച്, പട്ടാമ്പി സെക്ഷൻ) | പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്വാഭാവിക വനം സാമ്പിൾ പ്ലോട്ട്, ഗ്രിഡ് തരം തിരിക്കലുമായ പ്രവൃത്തികൾ | 25 എണ്ണം | 6040/ എണ്ണം | 3,500 | 500 + ജി.എസ്.ടി. (12%) | 1,66,500 | |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
|---|---|---|---|---|---|---|---|---|---|
| 5 | 5/2017-18 | പാലക്കാട് ഫോറസ്റ്റ് ഡിവിഷൻ (ഒറ്റപ്പാലം റെയ്ഞ്ച്, തിരുവാഴിയോട് സെക്ഷൻ) | പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്വാഭാവിക വനം സാമ്പിൾ പ്ലോട്ട്, ഗ്രിഡ് തരം തിരിക്കലുമായ പ്രവൃത്തികൾ | 30 എണ്ണം | 6040/ എണ്ണം | 3,500 | 500 + ജി.എസ്.ടി. (12%) | 1,99,500 | |
| 6 | 6/2017-18 | പാലക്കാട് ഫോറസ്റ്റ് ഡിവിഷൻ (ഒറ്റപ്പാലം റെയ്ഞ്ച്, കുളപ്പുള്ളി സെക്ഷൻ) | പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്വാഭാവിക വനം സാമ്പിൾ പ്ലോട്ട്, ഗ്രിഡ് തരം തിരിക്കലുമായ പ്രവൃത്തികൾ | 29 എണ്ണം | 6040/ എണ്ണം | 3,500 | 500 + ജി.എസ്.ടി. (12%) | 1,93,000 | |

കൂടുതൽ വിവരങ്ങൾ പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ കാര്യാലയത്തിൽ നിന്ന് പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

ദർഘാസ് ഫോറത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—17-1-2018, 1 മണിവരെ.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—17-1-2018, 2.30 മണിവരെ.

ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും—17-1-2018, 3 മണി.

ഏതെങ്കിലും കാരണങ്ങളാൽ 17-1-2018-ാം തീയതി അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും അതേ സമയത്തും പ്രസ്തുത ദർഘാസ് നടത്തുന്നതാണ്.

ഈ രണ്ടു തീയതിയിലും ടി ദർഘാസ് നടക്കാതെ വരികയോ/ആരും പങ്കെടുക്കാതെ വരികയോ ആണെങ്കിൽ മേൽ വിവരിച്ച നിബന്ധകൾക്ക് വിധേയമായി 22-1-2018-ന് അതേ സ്ഥലത്തും അതേ സമയത്തും പ്രസ്തുത ദർഘാസ് നടത്തുന്നതാണ്.

പകരം ദർഘാസ് ഫോറം നൽകുന്ന തീയതിയും സമയവും—22-1-2018, 1 മണിവരെ.

പകരം ദർഘാസ് സമർപ്പിക്കേണ്ട തീയതിയും സമയവും—22-1-2018, 2.30 മണിവരെ.

പകരം ദർഘാസ് തുറക്കുന്ന തീയതിയും സമയവും—22-1-2018, 3 മണി.

## നിബന്ധനകൾ

1. ജി.ഒ. (എം. എസ്.) നമ്പർ 26/2017/എഫ്.&ഡബ്ല്യൂ.എൽ.ഡി. തീയതി 20-5-2017 ഉൾക്കൊള്ളിച്ചുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്.

2. ദർഘാസ് ഫോറവും (കൈമാറ്റം ചെയ്യാവുന്നതല്ല) മറ്റ് വിശദവിവരങ്ങളും ഈ ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില പണമായോ, ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസറുടെ പേർക്കെടുത്ത ഡിമാന്റ് ഡ്രാഫ്റ്റായോ ഒടുക്കാവുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലായിരിക്കും. ദർഘാസ് ഫോറം വനം വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ്, പാർട്ട്-1 ദർഘാസിന്റെ കൂടെ ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ഒരിക്കൽ ഒടുക്കിയ ദർഘാസ് ഫോറത്തിന്റെ വില ഒരു കാരണവശാലും മടക്കി നൽകുന്നതല്ല. മറ്റ് ദർഘാസ് ഫോറത്തിന്റെ വിലയായി അഡ്ജസ്റ്റ് ചെയ്യുന്നതുമല്ല.

3. ഒരു വ്യക്തിയുടെ പേരിൽ നൽകിയിട്ടുള്ള ദർഘാസ് ഫോറം ആ വ്യക്തിക്കുമാത്രവും ടെണ്ടർ ഫോറത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ജോലിക്കും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

4. ടെണ്ടർ സമർപ്പിക്കുന്നതിന് മുൻപായി, ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകളും ദർഘാസ് വ്യവസ്ഥകളും വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടതാണ്. എഗ്രിമെന്റിന്റെ കരട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്നവാദമോ വ്യവസ്ഥകൾ സംബന്ധിച്ചുള്ള എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.

5. ദർഘാസ് സമർപ്പിക്കുന്നതിന് മുൻപായി ജോലി നടത്തേണ്ട സ്ഥലവും ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. ദർഘാസ് സമർപ്പിച്ചതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.

6. ദർഘാസിൽ പങ്കെടുക്കുന്ന ആൾ ദർഘാസ് ഷെഡ്യൂളിൽ പറയുന്ന പ്രകാരമോ സ്വാഭാവിക വനം സാമ്പിൾ പ്ലോട്ട്, ഗ്രിഡ് തരം തിരിക്കലുമായ പ്രവൃത്തികൾ എടുക്കുന്നതിനുള്ള അടിസ്ഥാന നിരക്കിന്റെ ഇത്ര ശതമാനം എന്ന് ദർഘാസ് ഫോറത്തിലെ പ്രസക്ത കോളത്തിൽ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്. അക്കത്തിലും അക്ഷരത്തിലും വ്യത്യസ്ത നിരക്കുകളാണ് രേഖപ്പെടുത്തുന്നതെങ്കിൽ അതിൽ കുറഞ്ഞ നിരക്കായിരിക്കും പരിഗണിക്കുക. ആയത് അംഗീകരിക്കാൻ ദർഘാസുകാരൻ ബാദ്ധ്യസ്ഥനാണ്. (ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്ക്, ജോലി പൂർത്തിയാക്കാൻ കഴിയുന്നതിലും കുറവാണെന്ന് വനം വകുപ്പ് കണ്ടെത്തുന്നപക്ഷം ആയത് സംബന്ധിച്ച് ദർഘാസുകാരനിൽ നിന്നും തൃപ്തികരമായ വിശദീകരണം നൽകാൻ ആവശ്യപ്പെടുന്നതുമാണ്. ഇത്തരം സന്ദർഭത്തിൽ ദർഘാസ് അംഗീകരിക്കുന്നതിനു മുൻപായി രേഖപ്പെടുത്തിയിട്ടുള്ള നിരക്കിന്റെ 10% പരമാവധി ` 30,000 പ്രത്യേക/അധിക സെക്യൂരിറ്റിയായി ഒടുക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. വിശദീകരണം തൃപ്തികരമല്ല എന്നു കണ്ടെത്തുന്നപക്ഷം അഥവാ വിശദീകരണം നൽകിയിട്ടില്ലായെങ്കിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിരസിക്കുന്നതിനുള്ള അധികാരം വനം വകുപ്പിൽ നിക്ഷിപ്തമാണ്.)

7. ദർഘാസ് സമർപ്പിക്കുന്ന ആൾ ദർഘാസിന്റെ എല്ലാ പേജുകളും ഉണ്ടെന്ന് ഉറപ്പുവരുത്തി സീൽ ചെയ്ത കവറിനു പുറത്ത് ജോലിയുടെ പേര് രേഖപ്പെടുത്തി പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസറുടെ പേർക്ക് 17-1-2018 പകൽ 2.30 മണിക്കു മുൻപായി സമർപ്പിക്കേണ്ടതാണ്. ദർഘാസ് സമർപ്പിക്കേണ്ടതായ അവസാന തീയതി അവധിയായി പ്രഖ്യാപിക്കപ്പെടുന്നപക്ഷം തൊട്ടടുത്ത ദിവസം അതേ സമയത്തും സ്ഥലത്തും സ്വീകരിക്കുന്നതായിരിക്കും.

8. നിശ്ചിത തീയതിയിലും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകളും പരിഗണിക്കുന്നതല്ല.

9. ഓരോ ടെണ്ടറിനോടുമൊപ്പം ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസറുടെ പേരിൽ എടുത്തിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ചേർത്തിരിക്കേണ്ടതാണ്.

10. ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേണ്ടതാണ്.

11. ലഭിച്ചിട്ടുള്ള ദർഘാസുകളുടെ ഒന്നാം ഭാഗം (പാർട്ട് 1) പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസറോ/ ചുമതലപ്പെടുത്തുന്ന വ്യക്തിയോ 17-1-2018-ന് പകൽ 3-ന് പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഡിവിഷൻ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

12. ദർഘാസുകളുടെ ഒന്നാം ഭാഗം അംഗീകരിച്ചിട്ടുള്ള ദർഘാസുകാരുടെ ദർഘാസുകളുടെ രണ്ടാം ഭാഗം (നിരക്ക് രേഖപ്പെടുത്തിയത്) തുടർന്ന് തുറക്കുന്നതായിരിക്കും. രണ്ടാം ഭാഗം തുറക്കുന്ന തീയതിയും സമയവും ഒന്നാം ഭാഗം അംഗീകരിച്ച ഉടൻതന്നെ പ്രഖ്യാപിക്കുന്നതായിരിക്കും.

13. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

14. സാമ്പത്തിക നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസിന്റെ രണ്ടാം ഭാഗം തുറന്ന് മൂന്ന് മാസത്തിനകം ഓഫർ പിൻവലിക്കുവാൻ ഒരു ദർഘാസുകാരനേയും അനുവദിക്കുന്നതല്ല.

15. കാലാകാലങ്ങളിൽ കേരള ഗവൺമെന്റ് നിശ്ചയിക്കുന്ന നികുതികൾ ഈ പ്രവർത്തിക്കും ബാധകമാണ്.

16. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, പ്രസ്തുത വിവരം ടി വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖേന അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 7 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള ` 200 വിലയുള്ള മുദ്രപ്പത്രത്തിൽ ഒരു ഉടമ്പടി ഒപ്പു വയ്ക്കേണ്ടതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽ കൂടി നടത്തുന്നതായിരിക്കും. ആയതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്നപക്ഷം ആയത് ആദ്യ ദർഘാസുകാരൻ പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസർ അനുവദിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതുമാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം വീഴ്ച വരുത്തിയ ദർഘാസുകാരന് ആയതിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

17. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 10% സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്. ജോലി തൃപ്തികരമായി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

18. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

19. ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ പരാതികളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

20. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിച്ചാലുടൻ തന്നെ തിരികെ നൽകുന്നതാണ്.

21. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

22. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള അളവ് ഏകദേശം മാത്രമാണ്.

23. ജോലി തൃപ്തികരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് നിശ്ചിത പ്രൊഫോർമയിൽ പ്രവൃത്തി ബിൽ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് കോൺട്രാക്ടർക്ക് തുക ഇ-പേമെന്റ് ആയി മാത്രം നൽകുന്നതാണ്.

24. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി ക്യാൻസൽ ചെയ്യാനോ പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. ആയതിന് നിലവിലുള്ള ഫോറസ്റ്റ് ഷെഡ്യൂൾ റേറ്റ് പ്രകാരം കണക്കാക്കിയ നിരക്ക് പ്രകാരം തുക നൽകുന്നതായിരിക്കും.

25. ദർഘാസ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള നിരക്ക് അംഗീകരിക്കാൻ പറ്റാത്തതാണെങ്കിൽ കോൺട്രാക്ട് സിസ്റ്റം അല്ലാതെ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

26. യാതൊരു കാരണവും കൂടാതെ ടെൻഡർ റദ്ദാക്കുന്നതിനുള്ള പൂർണ്ണമായ അധികാരം പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസറിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾ പാലക്കാട് ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഡിവിഷണൽ ഓഫീസിൽ നിന്നും (ഫോൺ 0491 2555188) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

No. WPP-250/2017. *11th December 2017.*

It is hereby notified for the information of the public that sealed tenders are invited from the registered forest contractors for executing sample plot grid of natural forest in connection with preparation of forest working plan of Palakkad Division during 2017-18. The tender forms will be issued from the office of the Forest Working Plan Division Office, Palakkad up to 1 p.m. on 17-1-2018 on remitting the cost of tender form cost + GST (12%) as shown below. The filled up and sealed tender in full form with sufficient EMD can be submitted upto 2.30 p. m. on 17-1-2018. The tender will be opened at 3 p. m. on the same day at the office of the Forest working plan Division Office, Palakkad.

In case the notified date happens to be a public holiday, the tender will be conducted on the next working day at the notified place and time, as per the same conditions. The Forest Working Plan Officer, Palakkad reserves the power to exclude or postpone the tender on specific reasons.

SCHEDULE

| *Sl. No.* | *Tender No.* | *Name of Range/Section* | *Name of work* | *Quantity (in Nos.)* | *Basic Rate* | *EMD* ` | *Cost of tender form* ` | *Amount of Contract* ` | *Period of Contract* |
|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| 1 | 1/2017-18 | Palakkad Forest Division, Olavakkode Range, Elival Section | Assessment of natural stock by grid mapping for the preparation of revised Working Plan of Palakkad Forest Division | 30 | 6040/ No. | 3,500 | 500 + GST (12%) | 1,99,500 | 30 days from the date of agreement |
| 2 | 2/2017-18 | Palakkad Forest Division, Olavakkode Range, Dhoni Section | Assessment of natural stock by grid mapping for the preparation of revised Working Plan of Palakkad Forest Division | 30 | 6040/ No. | 3,500 | 500 + GST (12%) | 1,99,500 | 30 days from the date of agreement |
| 3 | 3/2017-18 | Palakkad Forest Division, Olavakkode Range, Mundur Section | Assessment of natural stock by grid mapping for the preparation of revised Working Plan of Palakkad Forest Division | 30 | 6040/ No. | 3,500 | 500 + GST (12%) | 1,99,500 | 30 days from the date of agreement |
| 4 | 4/2017-18 | Palakkad Forest Division, Ottapalam Range, Pattambi Section | Assessment of natural stock by grid mapping for the preparation of revised Working Plan of Palakkad Forest Division | 25 | 6040/ No. | 3,500 | 500 + GST (12%) | 1,65,500 | 30 days from the date of agreement |
| 5 | 5/2017-18 | Palakkad Forest Division, Ottapalam Range, Thiruvazhiyode Section | Assessment of natural stock by grid mapping for the preparation of revised Working Plan of Palakkad Forest Division | 30 | 6040/ No. | 3,500 | 500 + GST (12%) | 1,99,500 | 30 days from the date of agreement |
| 6 | 6/2017-18 | Palakkad Forest Division, Ottapalam Range, Kulappully Section | Assessment of natural stock by grid mapping for the preparation of revised Working Plan of Palakkad Forest Division | 29 | 6040/ No. | 3,500 | 500 + GST (12%) | 1,93,000 | 30 days from the date of agreement |

Gaz. No. 2/2018/DTP(Forest).

The last date and time of sale of tender form—17-1-2018 upto 1 p.m.

Date and time of receipt of tender—17-1-2018 upto 2.30 p.m.

Date and time of opening of tender—17-1-2018 at 3 p.m.

In case the tender is not conducted due to any reasons, the same will be conducted on the next working day at the same place and time.

Alternate date— 22-1-2018.

Place of tender—Forest Working Plan Division Office, Olavakkode.

## Conditions

1. All conditions in the G.O. (Ms.) No. 26/2017/F & WLD dated 20-5-2017 will be applicable to this tender.
2. Tender form (Appendix 9) and other details (Not transferable) can be obtained from Forest working plan Divisional Office, on payment of cash or by Demand Draft (DD) drawn in favour of Forest working plan Officer, Palakkad payable on any Scheduled/Nationalized Bank. The cost of tender form will be fixed by Government from time to time. The application form can also be downloaded from the official website of Kerala Forest Department and if the forms are downloaded from the website the cost of tender documents should be attached along with DD from a Nationalized/Scheduled Bank as mentioned above, along with Part I tender. The cost of tender forms once paid will be neither refundable on any account, nor be adjusted towards cost of any other tender forms.
3. The tender form shall be used only by the person in whose name it is issued and for the work specified in the Schedule attached to the tender form.
4. Before submitting the tender, the tenderer is expected to study and scrutinize all the conditions in the agreement to be executed, the draft of which can be had for perusal at the Forest working plan Division Office, on any working day during office hours. They are also requested to study the detailed tender conditions attached to the tender document. Any plea of ignorance of the agreement conditions or any complaint regarding the said conditions received after the time of tender will not be entertained.
5. Before submitting the tender, the tenderer shall visit the area of work to study all the field conditions and nature of work and quote his rate accordingly. No enhancement in rate due to any reason will be entertained thereafter.
6. The tenderer shall submit the filled up tender form together with all the pages intact in a sealed cover addressed to The Forest Working Plan Officer, Palakkad and superscribed "Tender for ( Name of work - as specified in the first part of tender notice) so as to reach this office as specified in the first part of tender notice.
7. Tender received after the specified date and time or received without the requisite enclosures or tenders not written up in proper order or form will not be honoured.
8. Each tender shall be accompanied by a demand draft of a Nationalized/Scheduled Bank for the amount specified against each work as per notification in favour of the Forest working plan Officer, Palakkad as Earnest Money Deposit for the work.
9. SSI Units are excempted from remitting EMD. Such units should produce necessary eligibility certificates obtained from the Manager, District Industries centre concerned.
10. All the corrections in the tender form shall be initialed by the tenderer himself.
11. Part I of the tenders received in due time will be opened by the Forest Working plan Officer, Palakkad or his deputy at the time specified in the first part of tender notice in the presence of such of the tenderers present on that occasion.
12. Part II tenders (price bid) of the tenderers whose Part-I tenders have been accepted only will be opened on the scheduled date of tender.

13. The lowest tender will ordinarily be accepted, but the authority competent to accept the tender reserves the power of accepting or rejecting any tender without assigning any reason thereof.

14. No tenderer will be permitted to withdraw his offer within three months from the date of opening of the financial bid.

15. All the taxes prevailing at the time is applicable to this tender.

16. The tenderer whose tender is accepted will be informed regarding acceptance of his tender by a Confirmation Order issued through registered letter bearing the address mentioned in the tender. The successful tenderer, within seven days of receipt of confirmation of his tender, shall have to execute an agreement in the prescribed form (Appendix 11) on a proper non-judicial stamp paper (worth ` 100) to be supplied by him at his cost. If the Contractor fails to execute the agreement during the period, the tender will be cancelled, and the Earnest Money Deposit submitted by the tenderer shall stand forfeited to the Kerala Forest Department. The work will be carried out at the risk and cost of the tenderer or through any other method (including through the next higher tenderer). The loss, if any, to the Government consequent to the default, if not paid by the defaulter within a reasonable time specified by the Forest Working Plan Officer, Palakkad, shall be treated as arrears on public revenue to be recovered from the defaulter under the provisions of the Kerala Revenue Recovery Act 1968 and in such other manner as the Government may deem fit. The defaulter however will not be entitled for gain, if any.

17. The successful tenderer while signing the agreement shall furnish a security deposit for an amount equal to 10 per cent of the total Probable Amount of Contract. The security deposit will be released only after the successful completion of the contract work and after producing the Non Liability Certificate from the concerned officers.

18. The successful tenderer shall give an undertaking at the time of execution of agreement that he shall not sell, mortgage or otherwise alienate the properties covered by the solvency certificate during the currency of the contract.

19. The post-offers and representations sent, after receipt of the tender in respect of work shall not be considered on any grounds.

20. The Earnest Money Deposit of the unsuccessful tenderers will be returned as soon as possible after the tenders are finalized.

21. The quantities of work shown in the Schedule are approximate and it may vary on actual execution of work.

22. The details shown in the tender schedule is approximate. The actual extent of the contract area may vary as per the final survey report, which will be binding on the successful tenderer.

23. On successful completion of work, the payment will be made to the contractor on submission of the bill in the prescribed format. The payment will be made through e-payment only.

24. It shall be open to the Forest Working Plan Officer, Palakkad to cancel/reduce the quantity of work to be executed in the attached schedule based on site conditions and the Forest Working Plan Officer, Palakkad decision will be binding on the successful tenderer. If any additional item/s of work which are not included in the schedule are required to be carried out inevitably for reasons to be recorded, in the contract area during the course of contract period, the successful tenderer is bound to execute that work for which payment worked out as per forest schedule rate for such item will be made at the agreed rate in the contract. The cost of the work will be worked out as per the prevailing forest schedule of rate.

25. Kerala Forest Department reserves the right to execute the work through any other mode of execution other than through contract system if the tender offered by the contractors is not feasible according to the Department.

26. The undersigned reserves the right to cancel the tender without assigning any reason.

Further details can be available from Forest Working Plan Division Office, Palakkad and in Telephone No. 0491-2555188 on working days.

Office of the Forest
Working Plan Officer,
Palakkad.

K. SUNIL KUMAR,
*Forest Working Plan Officer.*
(For and on behalf of the Governor of Kerala)

## പാലക്കാട് ഡിവിഷൻ

പുനർ ഇ-ലേല പരസ്യം

നമ്പർ പി-5498/2017. 2017 ഡിസംബർ 22.

പാലക്കാട് ഡിവിഷന്റെ പരിധിയിലുള്ള ഒലവക്കോട് റെയിഞ്ചിലെ 1998 എലിവാൽ തേക്കു തോട്ടത്തിൽനിന്നും ഇടമുറി നടത്തി ശേഖരിച്ചതും 4-10-2017, 2-11-2017, 30-11-2017 & 21-12-2017 തീയതികളിൽ നടന്ന ലേലത്തിൽ വിറ്റുപോകാത്തതും പട്ടികയിൽ കാണിച്ചിരിക്കുന്നതുമായ ഉൽപ്പന്നങ്ങൾ എലിവാൽ ഡമ്പിംഗ് ഡിപ്പോയിൽ വച്ച് 17-1-2018, 7-2-2018 & 14-3-2018 എന്നീ തീയതികളിൽ ഇ-ലേലം നടത്തുന്നതായിരിക്കും. എം.എസ്.റ്റി.സി. കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 0491 2555156 എന്ന നമ്പരിൽ ബന്ധപ്പെടുക (പാലക്കാട് ഡിവിഷൻ).

16-9-2014-ലെ വാല്യം 3, പാർട്ട് 3, 36-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 21-8-2014-ലെ പ്രൊ. 4-29243/2013-ാം നമ്പർ നിബന്ധനകളും, 4-11-2014-ലെ വാല്യം 3, പാർട്ട് 3, 43-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തിരുവനന്തപുരത്തിന്റെ 17-10-2014-ലെ പ്രൊ. 4-29243/2013-ാം നമ്പർ നിബന്ധനകളും, 24-2-2015-ലെ കേരള സർക്കാർ ഗസറ്റ് വാല്യം 4, പാർട്ട് 3, 8-ാം നമ്പർ പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരത്തിന്റെ 3-2-2015-ലെ പ്രൊ. 4-29243/2013-ാം നമ്പർ വിജ്ഞാപനങ്ങൾക്ക് വിധേയമായി ഇ-ലേലം ചെയ്ത് വിൽക്കുന്നതാണ്.

പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവയിൽ ഏതെങ്കിലും ഇനം/അളവ് വിൽക്കാതിരിക്കുന്നതിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റാഫീസർ, പാലക്കാടിൽ നിക്ഷിപ്തമായിരിക്കും. ടി ഇ-ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ` 20,000 നിരതദ്രവ്യം ലേല ദിവസത്തിന്റെ തൊട്ടു തലേ ദിവസം ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി അടച്ചിരിക്കണം. ഈ തുക എം.എസ്.റ്റി.സി.ക്ക് ഓൺലൈൻ പ്രകാരം ഡിമാന്റ് ഡ്രാഫ്റ്റ് ഒടുക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ രജിസ്ട്രേഷൻ നമ്പർ, നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ക്രമപ്രകാരമുള്ള ലോട്ടുകളുടെ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

വിജയിയായ ലേലക്കാരൻ ലേലവിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) പ്രവർത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെ അടയ്ക്കേണ്ടതാണ്.

ലേല നിബന്ധനകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം ഏതെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിനും ബാധകമായിരിക്കുന്നതും, ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. താഴെ പറഞ്ഞിട്ടുള്ള ഉൽപ്പന്നങ്ങളിൽ അളവിൽ മാറ്റം വരുത്തുന്നതിനോ മറ്റൊരറിയിപ്പ് കൂടാതെ ലേലം റദ്ദുചെയ്യുന്നതിനോ ഉള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റാഫീസർ, പാലക്കാടിൽ നിക്ഷിപ്തമായിരിക്കും.

ലേലം സംബന്ധിച്ച് വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസങ്ങളിൽ/ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

No. P-5498/2017. *22nd December 2017.*

The following quantities of materials collected from 1998 Elival Teak Plantation that are stacked and stored at Dumping Depot, Elival and no bid lots during the auction sale dated 4-10-2017, 2-11-2017, 30-11-2017 and 21-12-2017 will be offered for sale by e-auction on 17-1-2018, 7-2-2018 and 14-3-2018 at the Dumping Depot, Elival. Those who registered for auction with MSTC company only can have the right to participate in e-auction. Further details can be had from the website www.mstcecommerce.com or through Phone No. 0491 2555156 of this office during office hours.

The sale will be subjected to the conditions notified in the e-auction notification and the general sale conditions vide Notification No. Pro. 4-29243/2013 dated 21-8-2014 of Additional Principal Chief Conservator of Forests (Protection), Thiruvananthapuram published in Kerala Gazette No. 36, Volume III, Part III dated 16-9-2014, Notification No. Pro. 4-29243/2013 dated 17-10-2014 of Additional Principal Chief Conservator of Forests (Protection), Thiruvananthapuram published in Kerala Gazette No. 43, Volume III Part III dated 4-11-2014 and Notification No. Pro. 4-29243/2013 dated 3-2-2015 of Additional Principal Chief Conservator of Forests (Vigilance), Thiruvananthapuram published in Kerala Gazette No. 8, Volume III, Part III dated 24-2-2015.

The Divisional Forest Officer, Palakkad reserves all the right to exclude any class or quantity of materials shown in the schedule below for sale. EMD amount or ` 20,000 can be remitted through online payment system to MSTC by 2 p.m. on the previous day of the e-auction. The buyer registration number has to be mentioned while paying the EMD. Only the registered customers who will submit the EMD will be able to participate against the eligible lots in e-auction. If the sale value of bid materials is not paid within the specified time period against any of the bid lot by the H1 bidder, the EMD will be forfeited.

The successful bidder, 35% of the bid value, after adjusting the EMD already remitted, shall be paid within 7 working days of issuance of acceptance letter. The mode of payment is through e-treasury of Government of Kerala.

If any modifications or change in the sale conditions are intimated by the Additional Principal Chief Conservator of Forests (Protection), Thiruvananthapuram that will also be applicable to this e-auction sale and it will be informed to the bidder before e-auction. The undersigned reserves the right to alter the quantities of the materials mentioned in the above schedule or to cancel the e-auction of any materials without further notice.

Further particulars can be had from the Divisional Forest Officer, Palakkad District, Kerala, Pin-678 009. email :dfoplkd@gmail.com, dfo-plkd.for@kerala.gov.in Phone : 0491 2555156.

SCHEDULE

| *Items* | *Unit (MT)* |
|---|---|
| Teak poles I C | 21 Nos. |
| Teak poles IIC | 20 Nos. |
| Teak poles III | 300 Nos. |
| TG poles IV | 1597 Nos. |
| TG poles V | 1064 Nos. |
| Kappukal | 264 Nos. |

(Sd.)
*Divisional Forest Officer,*
*Palakkad* .
(For and on behalf of the
Governor of Kerala)

Office of the
Divisional Forest Officer,
Kallekulangara P.O.,
Palakkad-678 009.

## നെന്മാറ ഡിവിഷൻ

ദർഘാസ് പരസ്യം

നമ്പർ എ1-7740/2017. 2017 ഡിസംബർ 26.

നെന്മാറ ഡിവിഷനിൽ താഴെപ്പറയുന്ന അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്കായി G.O. (Ms.) No. 26/2017/F&WLD തീയതി 20-5-2017 പ്രകാരം കേരള വനം വകുപ്പിൽ രജിസ്റ്റർ ചെയ്ത കോൺട്രാക്ടർമാരിൽ നിന്നും മത്സര സ്വഭാവമുള്ളതും മുദ്രവച്ചതുമായ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

പട്ടിക

| ക്രമ നമ്പർ | ദർഘാസ് നമ്പർ | റെയിഞ്ച് | പ്രവർത്തിയുടെ/ പ്രദേശത്തിന്റെ പേര് | അളവ് (കി. മീ.) | അടിസ്ഥാന നിരക്ക് (VDA യും 10% contract profit-ം സഹിതം) | നിരത ദ്രവ്യം ` | ടെണ്ടർ ഫോറത്തിന്റെ വില ` | അടങ്കൽ തുക ` |
|---|---|---|---|---|---|---|---|---|
| 1 | 9/2017-18 | നെല്ലിയാമ്പതി | അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി 5.2 മീറ്റർ വീതിയിൽ ഫയർലൈൻ നിർമ്മാണവും അനുബന്ധ പ്രവർത്തികളും<br>(1) തളിപ്പാടം-വീട്ടിച്ചുവട്— 4 കി. മീ.<br>(2) പോത്തുണ്ടി-മാട്ടായി—4 കി. മീ.<br>(3) ഓവുപാറ-ചെല്ലിക്കയം—1.5 കി. മീ. | 9.5 | 21,296 | 5,100 | 500+ ജി.എസ്.റ്റി. (12%) | 2,02,312 |
| 2 | 10/2017-18 | കൊല്ലങ്കോട് | അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി 5.2 മീറ്റർ വീതിയിൽ ഫയർലൈൻ നിർമ്മാണവും അനുബന്ധ പ്രവർത്തികളും<br>കൊളുമ്പ്-പോക്കാമട ഭാഗം—5 കി. മീ | 5 | 19,360 | 2,500 | 500+ ജി.എസ്.റ്റി. (12%) | 96,800 |
| 3 | 11/2017-18 | ആലത്തൂർ | അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി 5.2 മീറ്റർ വീതിയിൽ ഫയർലൈൻ നിർമ്മാണവും അനുബന്ധ പ്രവർത്തികളും കുത്തനൂർ-വാവുള്ള്യാപുരം ഭാഗം—5 കി. മീ. | 5 | 19,360 | 2,500 | 500+ ജി.എസ്.റ്റി. (12%) | 96,800 |

കാലയളവ്—എഗ്രിമെന്റ് തീയതി മുതൽ 15 ദിവസത്തിനകം ഫയർലൈൻ നിർമ്മാണ ജോലികൾ പൂർത്തിയായിരിക്കണം. കൂടാതെ 30-4-2018-ന് ഫയർലൈനുകളുടെ അറ്റകുറ്റപ്പണി നിർവ്വഹിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, നെന്മാറ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കൊല്ലങ്കോട്, നെല്ലിയാമ്പതി, ആലത്തൂർ എന്നിവിടങ്ങളിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

ദർഘാസ് ഫോറത്തിനുള്ള അപേക്ഷ ലഭിക്കുന്ന അവസാന തീയതിയും സമയവും—10-1-2018, 1 മണി.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—10-1-2018, 3 മണി.

ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും—10-1-2018, 3.30 മണി.

ദർഘാസ് തുറക്കുന്ന സ്ഥലം—ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, നെന്മാറ.

ഏതെങ്കിലും കാരണങ്ങളാൽ 10-1-2018-ാം തീയതി ടി ദർഘാസ് നടക്കാതെ വരികയാണെങ്കിൽ മേൽ വിവരിച്ച നിബന്ധനകൾക്ക് വിധേയമായി 11-1-2018-ന് അതേ സ്ഥലത്തും അതേ സമയത്തും പ്രസ്തുത ദർഘാസ് നടത്തുന്നതായിരിക്കും.

(ഒപ്പ്)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.
(കേരള ഗവർണ്ണർക്കുവേണ്ടി)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
നെന്മാറ.

Gaz. No. 2/2018/DTP (Forest).

## സൈലന്റ് വാലി ഡിവിഷൻ, മണ്ണാർക്കാട്

ലേല പരസ്യം

നമ്പർ എസ്.വി.3-2016/2009.　　2017 ഡിസംബർ 8.

മണ്ണാർക്കാട് സൈലന്റ് വാലി ഡിവിഷനിലെ സൈലന്റ് വാലി നാഷണൽ പാർക്ക്, ഭവാനി റെയിഞ്ചുകളിലെ വിവിധ വനം കേസുകളിൽപ്പെട്ട തൊണ്ടി സാധനങ്ങൾ താഴെ കാണിച്ചിരിക്കുന്ന തീയതികളിൽ പകൽ 11 മണിക്ക് വൈൽഡ്‌ലൈഫ് വാർഡനോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ അതാതു റെയിഞ്ച് ആഫീസുകളിൽവെച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതായിരിക്കും.

ലേല തീയതി

| സൈലന്റ് വാലി നാഷണൽ പാർക്ക് റെയിഞ്ച് | ഭവാനി റെയിഞ്ച് |
|---|---|
| 23-1-2018 | 25-1-2018 |
| 12-2-2018 | 15-2-2018 |
| 20-3-2018 | 23-3-2018 |
| 10-4-2018 | 13-4-2018 |
| 14-5-2018 | 17-5-2018 |
| 5-6-2018 | 7-6-2018 |
| 25-7-2018 | 30-7-2018 |
| 7-8-2018 | 9-8-2018 |
| 11-9-2018 | 14-9-2018 |
| 22-10-2018 | 25-10-2018 |
| 13-11-2018 | 15-11-2018 |
| 18-12-2018 | 20-12-2018 |

ലേല വ്യവസ്ഥകൾ

1. സർക്കാർ തടി ഡിപ്പോയിൽ അതാത് കാലങ്ങളിൽ നിലവിലുള്ളതും ബഹുമാനപ്പെട്ട അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം അവർകളുടെ 22-11-2013-ാം തീയതിയിലെ Pro.5-43797/13 നമ്പർ പ്രകാരം 10-12-2013-ലെ കേരള ഗസറ്റ് നമ്പർ 49-ൽ 815 മുതൽ 821 വരെ പേജുകളിൽ പ്രസിദ്ധീകരിച്ച ലേല നിബന്ധനകളും 27-1-2014 പ്രകാരം 25-2-2014-ാം തീയതിയിലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

2. ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ലേലം തുടങ്ങുന്നതിനുമുമ്പ് ലേലത്തിന് വച്ചിട്ടുള്ള സാധനങ്ങളുടെയും മറ്റും ഗുണനിലവാരവും അളവുകളും മറ്റു വിശദവിവരങ്ങളും കണ്ട് ബോധ്യപ്പെട്ടിരിക്കേണ്ടതും ലേലത്തിനു ശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതികളും പരിഗണിക്കുന്നതല്ലാത്തുമാകുന്നു. ഓരോ ലേലത്തിനും വിൽക്കാൻ ഉദ്ദേശിക്കപ്പെട്ട തടികൾ, മറ്റു വനവിഭവങ്ങൾ മുതലായവയെപ്പറ്റിയുള്ള വിവരങ്ങൾ വൈൽഡ്‌ലൈഫ് വാർഡന്റെ ഓഫീസിൽ നിന്നോ റെയിഞ്ചാഫീസുകളിൽ നിന്നോ ലേലത്തിന് മുമ്പ് അറിയാവുന്നതാണ്.

3. ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ലേലം തുടങ്ങുന്നതിനു മുമ്പായി ഈട്ടി, തേക്ക് എന്നിവയുടെ ലേലത്തിനാണെങ്കിൽ ` 20,000, മറ്റു തടികളുടെ ലേലത്തിനാണെങ്കിൽ ` 10,000, മറ്റു വനവിഭവങ്ങളുടെ കാര്യത്തിൽ ` 2,000 നിരതദ്രവ്യം പണമായി കെട്ടിവെയ്ക്കേണ്ടതും ലേല നിബന്ധനകൾ അനുസരിക്കുന്നതിന് വീഴ്ച വന്നാൽ തന്മൂലമുണ്ടാകുന്ന നാശംമൂലം വകുപ്പിന്/സർക്കാരിന് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ തന്നിൽ നിന്നും ഈടാക്കാവുന്നതാണെന്നും സമ്മതിച്ചുകൊണ്ടുള്ള ഒരു ഉടമ്പടി ഒപ്പുവെയ്ക്കേണ്ടതാണ്.

4. ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കൈയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നുമുള്ള ഒരു സർട്ടിഫിക്കറ്റോ അതല്ലെങ്കിൽ ഇലക്ഷൻ കമ്മീഷൻ നൽകിയ ഐഡന്റിറ്റി കാർഡോ ഇവയിലേതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിനുമുമ്പായി സമർപ്പിക്കേണ്ടതാണ്. പ്രോപ്പർട്ടിമാർക്ക് രജിസ്ട്രേഷനുള്ളവർ അവരുടെ സർട്ടിഫിക്കറ്റ് കാണിച്ച് ബന്ധപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരിൽ നിന്നും ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് ഹാജരാക്കിയാൽ മതിയാകുന്നതാണ്. മേൽ വിവരിച്ച പ്രകാരം സർട്ടിഫിക്കറ്റോ ഏതെങ്കിലും തിരിച്ചറിയൽ രേഖയോ ഹാജരാക്കാത്തവരെ ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ല.

5. ലേല വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ ആവശ്യമായി വരുന്നപക്ഷം ആയത് ലേലസമയത്ത് വിശദീകരിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അതാത് റെയിഞ്ചാഫീസുകളിൽ അന്വേഷിക്കാവുന്നതാണ്.

6. കോടതിയുടെ അനുമതി വാങ്ങിയശേഷം ലേലം ചെയ്ത് വിൽക്കുന്ന സാധനങ്ങളുടെ മുഴുവൻ വിലയും മറ്റ് നികുതികളും ലേല ദിവസംതന്നെ അടയ്ക്കേണ്ടതാണ്. മറ്റ് ലേലങ്ങളിൽ നികുതികൾ ലേലം സ്ഥിരപ്പെടുത്തി ഉത്തരവായിരിക്കുന്ന ദിവസം മുതൽ 30 ദിവസത്തിനകം അടയ്ക്കേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ടി തീയതികളിൽ ഏതെങ്കിലും പൊതു അവധി ദിവസമായി വരികയാണെങ്കിൽ അന്നേ ദിവസത്തെ ലേലം തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും നടത്തുന്നതാണ്.

വൈൽഡ്‌ലൈഫ് വാർഡന്റെ
കാര്യാലയം,　　(ഒപ്പ്)
സൈലന്റ് വാലി ഡിവിഷൻ,　　വൈൽഡ്‌ലൈഫ് വാർഡൻ
മണ്ണാർക്കാട്.　　(കേരള ഗവർണ്ണർക്കുവേണ്ടി).

പുനർ ദർഘാസ് പരസ്യം

നമ്പർ എസ്.വി.3-4556/2017.　　2017 ഡിസംബർ 16.

വൈൽഡ്‌ലൈഫ് വാർഡൻ, സൈലന്റ്‌വാലി നാഷണൽ പാർക്ക്, മണ്ണാർക്കാട് താഴെ പറയുന്ന ജോലികൾക്ക് കേരള പൊതുമരാമത്ത് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. മുദ്രവച്ച ദർഘാസുകൾ 16-1-2018, 3 മണി വരെ സ്വീകരിക്കുന്നതും ദർഘാസുകൾ അന്നേദിവസം തന്നെ 3.30 മണിക്ക് വൈൽഡ്‌ലൈഫ് വാർഡനോ അദ്ദേഹം അധികാര

പ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ സ്ഥലത്ത് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ദർഘാസ് ഫോറങ്ങൾ 16-1-2018-ാം തീയതി പകൽ ഒരു മണിവരെ വൈൽഡ്‌ലൈഫ് വാർഡന്റെ ഓഫീസിൽനിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്. അംഗീകൃത കരാറുകാർക്ക് അവരുടെ രജിസ്ട്രേഷൻ കാർഡ് കാണിച്ചാൽ മാത്രമേ ദർഘാസ് ഫോറങ്ങൾ ലഭിക്കുകയുള്ളൂ. ദർഘാസ് ഫോറത്തിന്റെ വില യാതൊരു കാരണവശാലും മടക്കി കൊടുക്കുന്നതല്ല. ദർഘാസ് ഫോറങ്ങൾ കൈമാറുവാനും പാടുള്ളതല്ല. നിശ്ചിത സമയത്തിനുശേഷവും നിരതദ്രവ്യം ഇല്ലാതെയും ലഭിക്കുന്ന ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസുകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഒരു പൊതു അവധി ആയാൽ അടുത്ത പ്രവൃത്തി ദിവസം അതേസമയംവരെ സ്വീകരിക്കുന്നതും അന്നേദിവസംതന്നെ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ പുനർ ദർഘാസ് 16-1-2018-ന് നടക്കാതെ വന്നാൽ ടി ദർഘാസുകൾ 17-1-2018 അല്ലെങ്കിൽ 18-1-2018 എന്നീ തീയതികളിൽ നിശ്ചിത സ്ഥലത്തും സമയത്തും നടത്തുന്നതാണ്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേരും ഏകദേശ അടങ്കൽ തുകയും | നിരതദ്രവ്യം ` |
|---|---|---|
| 1 | സൈലന്റ് വാലി റെയിഞ്ചിനു കീഴിലെ പൂച്ചിപ്പാറ ബഫർസോൺ സെക്ഷനിലെ കണ്ണംപുള്ളിയിൽ താങ്ങുമതിൽ നിർമ്മാണ പ്രവൃത്തി—2017-18—` 2,40,000 | 6,000 |
| 2 | സൈലന്റ് വാലി റെയിഞ്ചിനു കീഴിലെ കൽക്കുണ്ട് ക്യാമ്പ് ഷെഡിന് ചുറ്റുമുള്ള എലിഫന്റ് പ്രൂഫ് ട്രഞ്ച് ബലപ്പെടുത്തുന്ന പ്രവൃത്തി—2017-18—` 2,50,000 | 6,300 |
| 3 | സൈലന്റ് വാലി റെയിഞ്ചിനു കീഴിലെ വാളക്കാട് ബഫർസോണിലെ അട്ടി ക്യാമ്പ് ഷെഡിന്റെ നവീകരണ പ്രവൃത്തി—2017-18—` 4,70,000 | 11,800 |

ദർഘാസ് ഫോറത്തിന്റെ വില—ക്രമനമ്പർ 1-നും 2-നും ` 500 +ജി. എസ്. ടി., ക്രമനമ്പർ 3-ന് ` 940 + ജി. എസ് ടി.

കാലാവധി—2 മാസം.

കേരള പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള ദർഘാസുകളെ സംബന്ധിച്ച എല്ലാ നിബന്ധനകളും മേൽക്കാണിച്ച ജോലികൾക്ക് ബാധകമായിരിക്കും. ദർഘാസിനോടൊപ്പം ` 200-ന്റെ മുദ്രപ്പത്രത്തിൽ ഒപ്പുവെച്ച ഒരു പ്രാഥമിക ഉടമ്പടിയും ഉള്ളടക്കം ചെയ്യേണ്ടതാണ്. ടെണ്ടർ സ്വീകരിക്കുവാനും നിരസിക്കുവാനുമുള്ള അധികാരം വൈൽഡ്‌ലൈഫ് വാർഡനിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾക്ക് വൈൽഡ്‌ലൈഫ് വാർഡന്റെ കാര്യാലയത്തിൽ പ്രവൃത്തി ദിവസങ്ങളിൽ അന്വേഷിച്ച് മനസ്സിലാക്കാവുന്നതാണ്.

No. SV3-4556/2017. *16th December 2017.*

Separate sealed tenders are invited for the following works indicated in the schedule given below from Registered PWD Contractors so as to reach the Office of the Wildlife Warden, Silent Valley Division, Mannarkkad, before 3 p.m. on 16-1-2018. The tenders received will be opened by the Wildlife Warden or any other officer authorized by him at 3.30 p.m. on the same day in the Office of the Wildlife Warden, Silent Valley Division, Mannarkkad. Tender form can be purchased from the office of the Wildlife Warden, Mannarkkad on any of the working days till 1 p. m. on 16-1-2018. The registered contractors will be supplied with the tender forms only on production of their registration cards. The cost of the tender form is non-refundable under any circumstances. Tenders received after the due date and time and not accompanied by proper Earnest Money Deposit will not normally be entertained. The tenders not containing the prescribed preliminary agreement in Kerala Government Stamp Paper worth ` 200 will be rejected. If the tender date happens to be a public holiday, tender will be conducted and opened on the next working day at the same time and venue.

If the tender cannot be conducted on 16-1-2018, the same will be conducted on 17-1-2018 and 18-1-2018 respectively as per same condition mentioned above. All existing rules, regulations, directions, conditions prevailing in Kerala PWD and Kerala Forest Department and Store Purchase Department in respect of civil works shall be applicable in this works and tender also.

The Wildlife Warden reserves the rights to accept or reject the tenders without assigning any reason thereof.

| *Sl. No.* | *Name of Work with PAC* | *EMD* ` |
|---|---|---|
| 1 | Construction of retaining wall at Kannampully in Poochippara Bufferzone Section under Silent Valley range during 2017-18—` 2,40,000 | 6,000 |
| 2 | Cost of strengthening Elephant Proof trench around Kalkundu camp shed building in Poochippara Bufferzone under Silent Valley range during 2017-18—` 2,50,000 | 6,300 |
| 3 | Renovation of Atti Campshed in Walakkad Buffer zone under Silent Valley range during 2017-18—` 4,70,000 | 11,800 |

Cost of tender form—` 500 + GST for Sl. Nos. 1,2 and ` 940 + GST for Sl. No. 3.

Completion time—2 Months

All other specification can be obtained from this office during the office hours or along with the tender schedule.

Completion of time will be commenced from the date of agreement.

For further details, the Wildlife Warden, Silent Valley Division, may be contacted on any working day.

Office of the Wildlife Warden,
Silent Valley Division,
Mannarkkad.

SAMUEL VANLALNGHETA PACHUAU IFS,
*Wildlife Warden*
(For and on behalf of the Governor of Kerala).

## നിലമ്പൂർ നോർത്ത് ഡിവിഷൻ

### ഇ-ദർഘാസ് പരസ്യം

നമ്പർ ബി1-6711/2017. 2017 ഡിസംബർ 14.

കേരള വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 226/81(എഫ്) തീയതി 16-12-1981 പ്രകാരവും സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 26/2017(എഫ്. & ഡബ്ലിയു.എൽ.ഡി.) തീയതി 20-5-2017 പ്രകാരവും നിലവിൽ യോഗ്യരായ 'എ, ബി, സി' ക്ലാസ് കോൺട്രാക്ടർമാരിൽനിന്നും താഴെ പട്ടികയിൽ വിവരിക്കുന്ന തേക്ക് തോട്ടങ്ങളിലെ തടികൾ, കഴകൾ, ബില്ലറ്റുകൾ, വിറക് തുടങ്ങിയവ പട്ടികയിൽ വിവരിക്കുന്ന പ്രകാരം അംഗീകൃത സർക്കാർ ഡിപ്പോ/ഡിപ്പോകളിലും ഡമ്പിംഗ് ഡിപ്പോകളിലും ഉദ്യോഗസ്ഥരുടെ നിർദ്ദേശമനുസരിച്ച് മുറിച്ച് എത്തിക്കുന്നതിന് ഇ-ടെണ്ടർ മുഖേന ദർഘാസ് ക്ഷണിക്കുന്നു. ദർഘാസുകാർ നിലവിലുള്ളതും സർക്കാർ ഇനി പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും പാലിക്കാൻ ബാദ്ധ്യസ്ഥരാകുന്നു. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ എസ്.ബി.ഐ.യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റ് ബാങ്കുകളുടെ കാര്യത്തിൽ എൻ.ഇ.എഫ്.ടി. വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ www.etenders.kerala.gov.in എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽമാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. താമസിച്ച് സമർപ്പിക്കുന്ന ടെണ്ടറുകളും സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ടെണ്ടറിനോടൊപ്പം ` 200-ന്റെ കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ് സ്കാൻ ചെയ്ത കോപ്പി ഓൺലൈനായി സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ തുറക്കുന്നതിനുമുമ്പ് സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ എൻ.ഐ.സി.യിൽ നിന്നോ www.etenders.kerala.gov.in വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ് ഡെസ്കിൽനിന്നോ ഈ ആഫീസിൽനിന്നോ ആഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടുനടത്തുന്ന കോർ-ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർക്ക് വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റുമുണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

വിജയിയാകുന്ന ദർഘാസുകാരൻ ദർഘാസ് തുകയുടെ 10 ശതമാനം വരുന്ന തുകയ്ക്ക് റവന്യൂ അധികാരികളിൽനിന്നും ലഭിക്കുന്ന സോൾവൻസിയോ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്നുള്ള ബാങ്ക് ഗ്യാരന്റിയോ സമർപ്പിക്കേണ്ടതാകുന്നു. വിജയിയാകുന്ന ദർഘാസുകാരൻ ` 200-ന്റെ മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പു മുതൽ 15 ദിവസത്തിനുള്ളിൽ ദർഘാസ് തുകയുടെ 5 ശതമാനത്തിന് തുല്യമായ തുകയ്ക്കുള്ള പെർഫോർമൻസ് ഗ്യാരന്റി സഹിതം ഉടമ്പടി വയ്ക്കേണ്ട താകുന്നു. പെർഫോർമൻസ് ഗ്യാരന്റിയുടെ 50 ശതമാനം നിർബന്ധമായും ട്രഷറി ഡെപ്പോസിറ്റും ബാക്കി ബാങ്ക് ഗ്യാരന്റിയായും അടവാക്കാവുന്നതാണ്. അടങ്കൽ തുകയ്ക്കും താഴ്ന്ന നിരക്കിൽ ദർഘാസ് സമർപ്പിക്കുന്നവരിൽനിന്നും നിയമാനുസൃതം അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി ഈടാക്കുന്നതാണ്. തടി, കഴ, ബില്ലറ്റുകൾ, വിറക് തുടങ്ങിയവയ്ക്ക് പ്രത്യേകം നിരക്ക് രേഖപ്പെടുത്തുന്ന ദർഘാസുകൾ ഏതൊരു സാഹചര്യത്തിലും അംഗീകരിക്കുന്നതല്ല. ടെണ്ടർ ദിവസം പൊതുപണിമുടക്കായോ അവധിയായോ വരുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും വച്ച് ടെണ്ടർ നടത്തുന്നതാണ്. നിശ്ചയിക്കപ്പെട്ട ആദ്യദിവസം ഓൺലൈൻ ആയി ദർഘാസുകൾ ഒന്നും സമർപ്പിക്കപ്പെട്ടില്ല/ദർഘാസുകൾ അംഗീകരിക്കപ്പെട്ടില്ലെങ്കിൽ നിയമാനുസൃതം www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കൊറിജണ്ടം പ്രസിദ്ധീകരിച്ച് പുനർ ഓൺലൈൻ ദർഘാസ് നടത്തുന്നതാണ്.

<u>പട്ടിക</u>

| ക്രമ നമ്പർ | റെയിഞ്ച് | പ്ലാന്റേഷന്റെ പേര്/വിസ്തൃതി | മരങ്ങളുടെ എണ്ണം | ഉൽപ്പന്നത്തിന്റെ വിവരവും ഏകദേശ അളവും | വിഭവങ്ങൾ എത്തിക്കേണ്ട ഡിപ്പോയുടെ പേര് | അടങ്കൽതുക ` | നിരതദ്രവ്യം ` |
|---|---|---|---|---|---|---|---|
| 1 | എടവണ്ണ | 1958 തേക്ക് പ്ലാന്റേഷൻ എളഞ്ചേരി, കള്ളിംഗ് പ്രവൃത്തി 31.1 ഹെക്ടർ | 1360 | തേക്ക് തടി—120 $m^3$<br>പലജാതി തടി—16 $m^3$<br>വീട്ടി തടി—1 $m^3$ | അരുവാക്കോട് സെൻട്രൽ ഡിപ്പോ | 6.50 ലക്ഷം | 16,250 |
| | | | | തേക്ക് കഴകൾ—883 Nos.<br>തേക്ക് &<br>പലജാതി വിറക്—40 MT | എളഞ്ചേരി ഡമ്പിംഗ് ഡിപ്പോ | | |
| 2 | നിലമ്പൂർ | 1975 തേക്ക് പ്ലാന്റേഷൻ ആയിരവല്ലിക്കാവ്, കള്ളിംഗ് പ്രവൃത്തി 25.7 ഹെക്ടർ | 1384 | തേക്ക് തടി—165 $m^3$ | അരുവാക്കോട് സെൻട്രൽ ഡിപ്പോ | 7 ലക്ഷം | 17,500 |
| | | | | തേക്ക് കഴകൾ—651 Nos.<br>തേക്ക് &<br>പലജാതി വിറക്—10 MT | ആയിരവല്ലിക്കാവ് ഡമ്പിംഗ് ഡിപ്പോ | | |

മേൽ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഉദ്ദേശ അളവ് ആകയാൽ ആയതിൽ മാറ്റമുണ്ടാകാവുന്നതാകുന്നു. തടിയുടെ അളവ് ഉദ്ദേശമാകയാൽ ഓരോ ഡിപ്പോയിലും ഇറക്കേണ്ട തടിയുടെ അളവിൽ വ്യതിയാനം ഉണ്ടാകാവുന്നതാണ്. കൂടാതെ, പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ഡിപ്പോയ്ക്കുപുറമേ, ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്ന ഡിപ്പോകളിലേക്കും (നിയമാനുസൃതമുള്ള നിരക്കിൽ) തടിയും മറ്റ് വിഭവങ്ങളും നീക്കംചെയ്യാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അംഗീകാരത്തിന് വിധേയമായി അടങ്കൽ തുകയിൽ ചെറിയ മാറ്റം ഉണ്ടാകാവുന്നതാണ്. ബന്ധപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം ദർഘാസുകാരൻ മാർക്ക് ചെയ്തിട്ടുള്ള എല്ലാ മരങ്ങളും യഥാസമയം മുറിച്ച് ബന്ധപ്പെട്ട ഡിപ്പോകളിൽ എത്തിക്കാൻ ബാദ്ധ്യസ്ഥനാകുന്നു. യഥാസമയം മുറിച്ച് ഡിപ്പോയിൽ എത്തിക്കാതിരിക്കുന്ന മരങ്ങൾക്കും തടിക്കും നിയമാനുസൃതമായ പിഴ ദർഘാസുകാരനിൽനിന്നും വസൂലാക്കുന്നതിനുള്ള പൂർണ്ണ അധികാരം വനംവകുപ്പ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. നിലവിലുള്ള ലേല വ്യവസ്ഥകൾ ഈ ദർഘാസിനും ബാധകമായിരിക്കും. വിശദമായ എഗ്രിമെന്റ് വ്യവസ്ഥകൾ പരിശോധനയ്ക്ക് ഡിവിഷൻ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഈ ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പുകൂടാതെ റദ്ദുചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാകുന്നു.

ദർഘാസ് ഫോറത്തിന്റെ വില—ക്രമനമ്പർ 1-ന് ` 1,300 + 18% ജി.എസ്.ടി., ക്രമനമ്പർ 2-ന് ` 1,400 + 18% ജി.എസ്.ടി.

ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി—10-1-2018.

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—23-1-2018, 5 മണി.

ടെണ്ടർ തുറക്കുന്ന തീയതിയും സമയവും—29-1-2018, 11 മണി.

കരാർ കാലാവധി—എഗ്രിമെന്റ് തീയതി മുതൽ 3 മാസം.

കൂടുതൽ വിവരങ്ങൾ നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽനിന്നും (ഫോൺ: 04931 220232) പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

No. B1-6711/2017. *14th December 2017.*

Separate online tenders are invited from eligible 'A,B, C' class contractors registered in the Forest Department in pursuance of G. O. (Ms.) No. 226/81(F) dated 16-12-1981 and G. O. (Ms.) No. 26/2017(F&WLD) dated 20-5-2017 for working down Timber, Billets and poles from the marked trees standing in the plantations mentioned in the schedule below and transport the timber to the Government Timber Depot/Depots, poles and firewood/billets to dumping depot mentioned in the same schedule. The tenderer is bound to comply with the terms and conditions in force, besides the conditions that will be framed by the Government in future in connection with this tender. Tender documents and schedules are available in the website www.etenders.kerala.gov.in. The Earnest Money Deposit and tender cost for the tender should be submitted through the internet online banking of SBI or through NEFT for other Banks. For submission of tenders visit the website: www.etenders.kerala.gov.in.

All bid/tender documents are to be submitted online only and in the designated online cover(s)/envelope(s) on the www.etenders.kerala.gov.in website and tenders submitted manually/through post will not be entertained. Late tenders will not be accepted.

Online tenders/bids are to be accompanied with a preliminary agreement executed in Kerala Stamp Paper worth ` 200. Tenders/bids received online without the scanned copies of relevant documents, preliminary agreement will not be considered and shall be summarily rejected. Any further clarification on this tender can be obtained from NIC/the e-tender helpdesk number available in the www.etenders.kerala.gov.in website and from the office of the Divisional Forest Officer, Nilambur North during the office hours. The details regarding e-payment (Bidder's Bank Account Number where he/she is having core banking facility and e-mail ID) should be submitted along with the tender. Tenders without these details will not be accepted. Technical bid and financial bid shall be submitted in their respective designated online covers.

The Forest Department will not be responsible for any inconvenience or loss to the bidder while uploading/ downloading the bid.

The successful tenderer should submit a solvency from the revenue authorities or a bank guarantee issued by a Nationalized Bank for 10% of the tender amount. The successful tenderer should execute an agreement in the prescribed format in a Stamp Paper worth ` 200 within 15 days from the date of intimation of acceptance of the tender after furnishing performance guarantee equal to 5% of the tender amount. 50% of this performance guarantee should be in the form of treasury deposit and remaining in the form of bank guarantee. Additional performance guarantee will be collected as per rules from those tenderers who quotes rates below the estimate amount. The tenderers quoting rates separately for timber, poles, billets and firewood shall not be entertained under any circumstances. If the notified date of tender opening happens to be a holiday the tender will be opened on the very next working day at the same place and time. If no tender were submitted/submitted tenders were rejected on the first tender date online tenders will be invited by publishing corrigendum in the www.etenders.kerala.gov.in website.

SCHEDULE

| *Sl. No.* | *Name of forest Range* | *Name of Plantation with extent* | *No. of Trees* | *Details of produce & estimated quantity* | *Name of Depots to which the produces are to be delivered* | *Estimate Amount (in lakh)* ` | *EMD* ` |
|---|---|---|---|---|---|---|---|
| 1 | Edavanna | 1975 TP<br>Elanchery,<br>31.1 Ha.<br>(Culling Plantation)<br>(42 years) | 1360 | Teak timber—120 $m^3$<br>Rose wood timber—1 $m^3$<br>Misc. timber—16 $m^3$<br>Poles—883 Nos.<br>Teak & Misc.<br>Firewood/billets—40 MT | Aruvakkode<br>Central Depot<br><br>Elancheri<br>Dumping Depot | 6.50 | 16,250 |
| 2 | Nilambur | 1975 TP<br>Ayiravallikkavu,<br>25.7 Ha.<br>(Culling Plantation)<br>(42 years) | 1284 | Teak timber—165 $m^3$<br><br>Poles—651 Nos.<br>Teak<br>Firewood/billets—10 MT | Aruvakkode<br>Central Depot<br>Ayiravallikkavu<br>Dumping Depot | 7.00 | 17,500 |

The quantities mentioned in the above schedule are approximate and on actual execution the quantities may vary. The quantity is approximate and there may be change in the depots to which materials is to be delivered. The estimate is subject to approval from Chief Conservator of Forests, Eastern Circle, Palakkad, therefore there may be slight variation in the estimate amount. The tenderer is bound to work down the entire trees marked in the plantation to the depot/ depots as per the direction of the Departmental Staff. Penalty as per rule will be levied by the Forest Department from the tenderer, if any tree is un-felled or for the delay of transportation of timber on time. Undersigned reserves all rights for cancelling any work at any time without further intimation. Detailed agreement condition is available for perusal at Divisional Forest Office. All the prevailing conditions are applicable for this tender also.

Value of tender form—` 1,300 + 18% GST for Sl. No. 1 and ` 1,400 + 18% GST for Sl. No. 2.

Date from which tender forms will be available in the website—10-1-2018.

Last date and time of acceptance of tender—23-1-2018, 5 p. m.

